2
ഏകാകിയുടെ സ്വപ്നങ്ങൾ

4
ഒരു ക്ലബിനേക്കാളധികം

മാധ്യമം ● ഞായർ ● 16 ജൂൺ 2019 ● ലക്കം 1618

വാരാദ്യ മാധ്യമം

varadyam@madhyamam.in



# തിരപെൺമുദ്ര

കല്ലേക്കുളങ്ങര കഥകളി ഗ്രാമത്തിൽ കലാമണ്ഡലം വെങ്കിട്ടരാമൻെറ നേതൃത്വത്തിൽ കലാകാരികൾ പരിശീലനത്തിൽ ● ചിത്രം: എം.സി. ബാലകൃഷ്ണൻ എടത്തറ

**നൂറ്റാണ്ടുകളായി കഥകളി അരങ്ങുകൾ പെണ്ണിന് അപ്രാപ്യമായിരുന്നു. കഥകളി പുരുഷന് പറഞ്ഞതാണെന്ന ധാരണ തിരുത്തുകയാണ് പാലക്കാട് ജില്ലയിലെ കല്ലേക്കുളങ്ങര കഥകളി ഗ്രാമം. ഒരു വ്യാഴവട്ടക്കാലത്തിനിടെ ഈ ഗ്രാമം കഥകളി ലോകത്തിന് സംഭാവന ചെയ്തത് ഒരുപിടി മികച്ച കലാകാരികളെയാണ്. കല്ലേക്കുളങ്ങരയിലെ 66 കലാകാരികൾ അവതരിപ്പിച്ച 14 മണിക്കൂർ സമ്പൂർണ രാമായണം കഥകളി ഗിന്നസ് റെക്കോഡിലേക്കുള്ള പ്രയാണത്തിലുമാണ്**

കെ.പി. യാസിർ

കഥകളി പുരുഷന് പറഞ്ഞതാണെന്ന ചരിത്രബോധത്തിന് തിരുത്താണ് കല്ലേക്കുളങ്ങര കഥകളി ഗ്രാമം. ഒരു വ്യാഴവട്ടക്കാലത്തിനിടെ ഗ്രാമം കഥകളി ലോകത്തിന് സംഭാവന ചെയ്തത് ഒരുപിടി മികച്ച കലാകാരികളെ. സമൂഹത്തിൻെറ പാതിയായ സ്ത്രീകളെ അരങ്ങിലേക്ക് കൈപിടിച്ചുയർത്തുകയെന്ന മഹിതലക്ഷ്യം മുൻനിർത്തിയാണ് പാലക്കാട് നഗരത്തിന് സമീപം അകത്തേത്തറ കല്ലേക്കുളങ്ങരയിൽ കഥകളി ഗ്രാമം രൂപംകൊണ്ടത്. കഥകളി ആചാര്യൻ കലാമണ്ഡലം രാമൻകുട്ടി നായർക്കുള്ള പ്രണാമമായി ശിഷ്യൻ കലാമണ്ഡലം വെങ്കിട്ടരാമൻ നേതൃത്വം കൊടുത്ത് സ്ഥാപിച്ചതാണിത്. വെങ്കിട്ടരാമൻെറ ശിഷ്യത്വം സ്വീകരിച്ച് ഇവിടെ ബാലികമാർ മുതൽ മുതിർന്ന സ്ത്രീകൾ വരെ കഥകളി അഭ്യസിക്കുന്നു. ഹേമാംബിക നഗറിലെ പ്രശസ്തമായ ഏമൂർ ഭഗവതി ക്ഷേത്രവും സമീപപ്രദേശങ്ങളിലെ ക്ഷേത്രങ്ങളും ഇവർക്ക് അഭ്യാസശാലയൊരുക്കുന്നു. വെല്ലുവിളികൾ നിറഞ്ഞ വേഷങ്ങൾ ഏറ്റെടുത്ത് കഥകളി ലോകത്തെ അതിശയിപ്പിക്കുകയാണ് കല്ലേക്കുളങ്ങരയിലെ കലാകാരികൾ. രാമനാട്ടത്തിൽനിന്ന് ആവിർഭവിച്ച് വിവിധ ശൈലികളിലൂടെ വളർന്നുവികസിച്ച കഥകളിക്ക് സ്ത്രീഭാവങ്ങൾ പകർന്നുനൽകുകയാണ് ഇവർ. കഥകളി ഗ്രാമത്തിലെ ആട്ടവിളക്കിന് മുന്നിൽ ചുവടുവെച്ച് ഇതിനകം പ്രശസ്തിയുടെ പടവുകൾ കയറിയത് നൂറുകണക്കിന് കലാകാരികൾ. കളിയരങ്ങുകളെ അതിൻെറ ചിട്ടയിലും പ്രൗഢിയിലും മുന്നോട്ടുനയിക്കുകയെന്ന മഹനീയ ദൗത്യമാണ് കഥകളി ഗ്രാമം നിർവഹിക്കുന്നത്. കഥകളി ആചാര്യനും മാനേജിങ് ട്രസ്റ്റിയുമായ വെങ്കിട്ടരാമൻെറ വാക്കുകൾ കടമെടുത്തുപറഞ്ഞാൽ, ആൺകോയ്മയുടെ കലയായ കഥകളി, സ്ത്രീകൾക്കും വഴങ്ങുമെന്നും അവരെ ഇനിയും അരങ്ങിൽനിന്ന് മാറ്റിനിർത്താനാവില്ലെന്നും കാണിച്ചുകൊടുക്കുകയാണ് കല്ലേക്കുളങ്ങര കഥകളി ഗ്രാമം.

## കൽപനകൾ പൊളിച്ചെഴുതി

കാലം കഥകളിക്ക് കൽപിച്ചുനൽകിയത് പുരുഷകലാകാരന്മാരെയാണ്. ഏറെ അധ്വാനവും ഊർജവും വേണ്ട കലാരൂപം എന്നനിലക്ക് നൂറ്റാണ്ടുകളായി കഥകളി അരങ്ങുകൾ പെണ്ണിന് അപ്രാപ്യമായിരുന്നു. ലോകമെങ്ങും കലകളിൽ സ്ത്രീകൾക്ക് തുല്യപരിഗണന ലഭിച്ചുതുടങ്ങിയിട്ടും കഥകളിയിൽ സ്ത്രീ ആവാം എന്ന നിലയിലേക്ക് മാത്രമേ ഇവിടത്തെ പൊതുമനോഭാവം വളർന്നിട്ടുള്ളൂവെന്ന് വെങ്കിട്ടരാമൻ പറയുന്നു. കഥകളി പഠിക്കാൻ സ്ത്രീകൾക്ക് താൽപര്യമുണ്ടെങ്കിൽ അവരെ എന്തിന് മാറ്റിനിർത്തണം എന്നായിരുന്നു ചിന്ത. സ്ത്രീകളെ ആദ്യമായി അരങ്ങിലെത്തിച്ചപ്പോൾ നെറ്റിചുളിച്ചവരുണ്ട്. തുടർന്നുപോരുന്ന ചിട്ടകൾ ലംഘിക്കപ്പെടുന്നുവെന്നാണ് ചൂണ്ടിക്കാട്ടപ്പെട്ടത്. കൂടുതൽ പെൺകുട്ടികൾ അരങ്ങിലെത്തിയതോടെ എതിർശബ്ദങ്ങൾ കുറഞ്ഞുവന്നു. സ്ത്രീകളെ പഠിപ്പിക്കാൻ എളുപ്പമുണ്ട്. അവർക്ക് ഉത്സാഹവും ക്ഷമയുമുണ്ട്. മെയ്വഴക്കം പുരുഷന്മാരേക്കാൾ കൂടുതലുള്ളതിനാൽ കഥകളിക്ക് വേണ്ട ശരീരവടിവ് എളുപ്പം ലഭിക്കും. പദങ്ങളും മുദ്രകളും ചുവടുകളും വേഗത്തിൽ സ്വായത്തമാക്കും. തോടയവും നിണത്തോടുംകൂടിയ നരകാസുരവധം കഥയടക്കം പെൺകുട്ടികൾ തീർത്തും ചെയ്യാത്ത വേഷങ്ങൾ അവരെക്കൊണ്ട് ആദ്യമായി ചെയ്യിപ്പിച്ചത് കഥകളി ഗ്രാമമാണ്. ചില രംഗങ്ങളിൽ പുരുഷ കഥാപാത്രങ്ങളെ അതുപോലെ അവതരിപ്പിക്കാൻ സ്ത്രീക്ക് പ്രത്യേകം ഡ്രസ് കോഡ് കൊണ്ടുവരേണ്ടിവന്നു. കഥകളി ഗ്രാമം തുടക്കമിട്ട ഇത്തരം പരീക്ഷണങ്ങളെയെല്ലാം ആസ്വാദക ലോകം ഇരുകൈയും നീട്ടിയാണ് സ്വീകരിച്ചത്.

## രാമകഥയാടി ഗിന്നസിലേക്ക്

കഥകളി ഗ്രാമത്തിൻെറ വാർഷികത്തോടനുബന്ധിച്ച് കല്ലേക്കുളങ്ങരയിലെ കലാകാരികൾ അവതരിപ്പിച്ച 14 മണിക്കൂർ സമ്പൂർണ രാമായണം കഥകളി ഗിന്നസ് റെക്കോഡിലേക്കുള്ള പ്രയാണത്തിലാണ്. എട്ടു മുതൽ 56 വരെ വയസ്സുള്ള 66 വനിതകൾ അരങ്ങിലെത്തിയ ഈ വേറിട്ട രംഗാവതരണം കഥകളിരംഗത്തെ അപൂർവതയായിട്ടാണ് വിലയിരുത്തപ്പെടുന്നത്. പുത്രകാമേഷ്ടിയിൽ തുടങ്ങി രാമായണത്തിലെ വിവിധ കഥാസന്ദർഭങ്ങളിൽകൂടി സഞ്ചരിച്ച് ശ്രീരാമ പട്ടാഭിഷേകത്തോടുകൂടിയുള്ള അവതരണമാണ് വനിതകൾ അവിസ്മരണീയമാക്കിയത്. ആട്ടക്കഥകളധികവും കൊട്ടാരക്കര തമ്പുരാൻേറത്. ഒമ്പത് കഥകളിലൂടെയും 66 കഥാപാത്രങ്ങളിലൂടെയും 30 രംഗങ്ങളിലൂടെയുമാണ് രാഘവീയം എന്നു പേരിട്ട കഥാസന്ദർഭങ്ങൾ കടന്നുപോയത്. ഇതിന് മാസങ്ങൾ നീണ്ട കഠിന പരിശീലനം വേണ്ടിവന്നു. മൂന്നു ദിവസത്തെ ചൊല്ലിയാട്ടത്തിന് നേതൃത്വം നൽകിയത് കഥകളി രംഗത്തെ പ്രഗല്ഭരായ കലാമണ്ഡലം ഗോപി, കലാമണ്ഡലം വാഴേങ്കട വിജയൻ, കോട്ടക്കൽ നന്ദകുമാരൻ നായർ, കലാമണ്ഡലം ബാലസുബ്രഹ്മണ്യൻ എന്നിവർ. പട്ടാഭിഷേകത്തോടുകൂടിയ സമ്പൂർണ രാമായണം കഥകളി സ്ത്രീകൾ മാത്രമായി രംഗത്ത് അവതരിപ്പിക്കുന്നത് ഇതാദ്യമാണെന്ന് വെങ്കിട്ടരാമൻ പറയുന്നു. വനിത കലാകാരികൾ മാത്രമായി അവതരിപ്പിച്ച ഏറ്റവും ദൈർഘ്യമേറിയ കഥകളിയെന്ന നിലയിൽ യൂനിവേഴ്സൽ റെക്കോഡ് ഫോറത്തിൻെറ വേൾഡ് റെക്കോഡും ബെസ്റ്റ് ഓഫ് ഇന്ത്യ അവാർഡും 'രാഘവീയ'ത്തിന് ലഭിച്ചുകഴിഞ്ഞു.

## രാജസൂയം മുതൽ മാരുതീയം വരെ

കഥകളി ലോകത്ത് സ്ത്രീ സാന്നിധ്യത്തിനായി നിരന്തരം പ്രയത്നിക്കുന്ന വെങ്കിട്ടരാമൻെറ ശിഷ്യർ മുൻ വർഷങ്ങളിലും വിവിധങ്ങളായ പുരാണ കഥകൾക്ക് രംഗാവതരണമൊരുക്കി ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. കലാമണ്ഡലം രാമൻകുട്ടി നായർ കളിയരങ്ങത്ത് അനശ്വരമാക്കിയ വെള്ളത്താടി വേഷങ്ങൾ വേദിയിലെത്തിച്ച് മാരുതീയം എന്ന പേരിൽ കഴിഞ്ഞ വർഷം അവതരിപ്പിച്ച പത്തുമണിക്കൂർ രംഗാവതരണം കഥകളി പ്രേമികളുടെ മനംകവരുന്നതായിരുന്നു.

കല്യാണസൗഗന്ധികം മുതൽ ശ്രീരാമ പട്ടാഭിഷേകം വരെയുള്ള നാലു ഭാഗങ്ങളായുള്ള ചിട്ടപ്രധാനമായ ആട്ടക്കഥകളിലെ ഹനുമാനായും രാവണനായും എല്ലാം തിളങ്ങിയത് സ്ത്രീകൾ. പ്രശസ്ത അഭിനേത്രി അനുമോൾ ഉൾപ്പെടെ കഥകളി ഗ്രാമത്തിലെ 20 കലാകാരികളാണ് വിവിധ വേഷങ്ങൾ കൈകാര്യം ചെയ്തത്. പ്രതിനായക പ്രധാനമായ രാജസൂയം കഥകളി, ചരിത്രത്തിൽ ആദ്യമായി സ്ത്രീകൾ അരങ്ങിൽ അവതരിപ്പിച്ചത് കഥകളി ഗ്രാമത്തിൻെറ നേതൃത്വത്തിൽ. ധർമപുത്രരും സഹോദരങ്ങളും നടത്തിയ രാജസൂയ യാഗം ഇതിവൃത്തമാക്കിയ കഥകളിയിൽ ശിശുപാലവധവും ജരാസന്ധവധവുമാണ് അരങ്ങിലെത്തിച്ചത്. കഥകളി ഗ്രാമത്തിൻെറ രാജസനിവാപം കളിയരങ്ങിൽ കല്ലേക്കുളങ്ങരയിലെ ഇളംതലമുറയിൽപ്പെട്ട കലാകാരികൾ അവതരിപ്പിച്ചത് രാമൻകുട്ടി ആശാൻെറ കത്തിവേഷങ്ങളിലൂടെ ആസ്വാദകർ എന്നുമോർക്കുന്ന നരകാസുരവധം, ദുര്യോധനവധം, രാവണോത്ഭവം കഥകൾ. ദുര്യോധനവധം കഥയിൽ പാഞ്ചാലിയായി വേഷമിട്ടത് നടി അനുമോളും ശ്രീകൃഷ്ണനായി അരങ്ങിലെത്തിയത് കഥകളി ഗ്രാമത്തിലെതന്നെ കലാകാരിയായ ഗാനമുരളിയും.

## ഭാവപ്പകർച്ചയായി കൃഷ്ണാഷ്ടകം

ശ്രീകൃഷ്ണൻെറ വിവിധ ജീവിത മുഹൂർത്തങ്ങൾ അരങ്ങിലെത്തിച്ച കൃഷ്ണാഷ്ടകം കഥകളി കല്ലേക്കുളങ്ങരയിലെ കലാകാരികളുടെ വേറിട്ട രംഗാവതരണമായിരുന്നു. കൃഷ്ണൻെറ എട്ട് വ്യത്യസ്ത ഭാവങ്ങളാണ് കൃഷ്ണാഷ്ടകത്തിലൂടെ അരങ്ങിലെത്തിയത്. നരകാസുരവധം, കല്യാണസൗഗന്ധികം, കുചേലവൃത്തം തുടങ്ങിയ കഥകളിലൂടെ ശ്രീകൃഷ്ണൻെറ വളർച്ചയും ഭാവങ്ങളുമായി കലാകാരികൾ അരങ്ങിൽ നിറയുകയായിരുന്നു. നൃത്തഭംഗിയും ചടുല നടനവും കൃഷ്ണ ഭക്തിയും രംഗാവതരണത്തെ വേറിട്ടതാക്കി. ഉത്തരാസ്വയംവരം സമ്പൂർണം കഥകളിയിലെ 22 വേഷങ്ങളിൽ ഹനുമാൻെറ വേഷമടക്കം 18ഉം അവതരിപ്പിച്ചത് സ്ത്രീകൾ. ഉദ്യാന വർണനയും കേകിയാട്ടവുമെല്ലാം മനോഹരമായി ആഷ്കരിച്ച വിവിധ രംഗങ്ങളിൽ ദുര്യോധനനും കർണനും ത്രിഗർത്തനുമടക്കം കഥാപാത്രങ്ങളായി വേഷമിട്ടത് പെൺകുട്ടികൾ. മൂന്ന് ദിവസത്തെ രാച്ചൊല്ലിയാട്ടത്തിനുശേഷമായിരുന്നു എട്ടു മണിക്കൂർ ദൈർഘ്യമുള്ള ഉത്തരാസ്വയംവരത്തിൻെറ രംഗാവതരണം. കഥകളിയുടെ നഷ്ടപ്പെടുന്ന പാഠ്യസമ്പ്രദായം വീണ്ടെടുക്കുകയെന്നതായിരുന്നു രാച്ചൊല്ലിയാട്ടത്തിലൂടെ ലക്ഷ്യമിട്ടത്. കഥകളിയുടെ പൂർണ വേഷവിധാനമില്ലാതെ രാത്രികാലങ്ങളിൽ പരിശീലനം നടത്തുന്നതാണ് രാച്ചൊല്ലിയാട്ടം. മുഴുവനായും അരങ്ങിൽ കളിക്കുന്ന പതിവ് ഇല്ലാതിരുന്ന ഉത്തരാസ്വയംവരം കഥകളി ആദ്യമായി അരങ്ങിലെത്തിച്ചത് കഥകളി ഗ്രാമത്തിലെ കലാകാരികൾ.

## തേച്ചുമിനുക്കി ഒരുക്കം

കുട്ടികളുടെ കഴിവുകളെ തേച്ചുമിനുക്കിയും പോരായ്മകൾ പരിഹരിച്ചും നിരന്തരമായ ചൊല്ലിയാട്ടങ്ങൾ നടത്തിയുമാണ് വെങ്കിട്ടരാമൻ ഒരുക്കുന്നത്. 2006ൽ ഗ്രാമം രൂപപ്പെട്ടതുമുതൽ കല്ലേക്കുളങ്ങരയിലെ അഭ്യാസ ശാലയിലെത്തി കളിപഠിച്ച് അരങ്ങിലെത്തിയ ശിഷ്യരുടെ നിര നീണ്ടതാണ്. അവരിൽ ചലച്ചിത്ര നടിമാർ, പ്രഫഷനലുകൾ, വിദ്യാർഥിനികൾ, വീട്ടമ്മമാർ തുടങ്ങി വിവിധ തുറകളിലുള്ളവരുണ്ട്. കേരളത്തിലും പുറത്തുമായി വിവിധ മേഖലകളിൽ ജോലിത്തിരക്കുകളിൽ മുഴുകുമ്പോഴും ഇടവേളകൾ അവർ കഥകളിക്കായി മാറ്റിവെക്കുന്നു. ആശാൻെറ ക്ഷണപ്രകാരം കഥകളി ഗ്രാമത്തിൻെറ വാർഷികങ്ങളിൽ പുതുമയുള്ള രംഗാവതരണങ്ങൾക്കായി ഒത്തുചേരുന്നു. വർഷങ്ങളോളമുള്ള ചിട്ടയാർന്ന പരിശീലനത്തിലൂടെ ഇത്രയധികം വനിതകളെ അരങ്ങിലെത്തിച്ച കഥകളി പഠനകേന്ദ്രം വേറെ ഉണ്ടാവില്ല. ഇവരിൽ പലരും ഇപ്പോൾ തിരക്കുള്ള പ്രഫഷനൽ ആർട്ടിസ്റ്റുകളാണ്.

സ്കൂൾ, കോളജ് കലോത്സവങ്ങളിലും വർഷങ്ങളോളമായി കഥകളി ഗ്രാമത്തിലെ കുട്ടികൾക്കാണ് ആധിപത്യം. നൂതനമായ കഥാഭാഗങ്ങൾ കണ്ടെത്തി അവയെ കലോത്സവമത്സരങ്ങൾക്കായി പാകപ്പെടുത്തുന്നതിൽ വെങ്കിട്ടരാമൻ വിജയിച്ചിട്ടുണ്ട്. സീത സ്വയംവരം അരമണിക്കൂറിൽ ചിട്ടപ്പെടുത്തിയത് ഉദാഹരണം. ഗ്രാമത്തിലെ പരിമിതമായ സൗകര്യങ്ങളിൽനിന്നാണ് ഈ നേട്ടങ്ങളെല്ലാം. കലാമണ്ഡലം രാമൻകുട്ടി നായരുടെ സ്മരണക്കായി ഏർപ്പെടുത്തിയ രാജസം അവാർഡ്, ആന്ധ്രപ്രദേശിൽനിന്നുള്ള നർത്തനശാല നാട്യകല പുരസ്കാരം എന്നിവയടക്കം നിരവധി അവാർഡുകൾ കഥകളിഗ്രാമത്തിൻെറ ആത്മാവായ വെങ്കിട്ടരാമനെ തേടിയെത്തിയിട്ടുണ്ട്. കഥകളി ഗ്രാമം വാർഷികത്തിനും കഥകളി അരങ്ങിനും സാംസ്കാരിക വകുപ്പ് ഏതാനും വർഷമായി സാമ്പത്തിക സഹായം അനുവദിച്ചുവരുന്നു.

## ഇത് വലിയ മാറ്റം

കൂടുതൽ പെൺകുട്ടികൾ കഥകളി പഠിക്കാൻ തുടങ്ങിയെന്നതാണ് കല്ലേക്കുളങ്ങര കഥകളി ഗ്രാമം സ്ഥാപിതമായശേഷം ഉണ്ടായ വലിയ മാറ്റമെന്ന് ചലച്ചിത്ര നടിയും കഥകളി ആർട്ടിസ്റ്റുമായ അനുമോൾ പറയുന്നു. പെൺകുട്ടികളെ പഠിപ്പിക്കുന്നതിനാൽ ആശാൻ ഒരുപാട് പഴി കേട്ടിട്ടുണ്ട്. ഇതെല്ലാം തരണം ചെയ്ത്, പണവും പ്രശസ്തിയുമൊന്നും നോക്കാതെയുള്ള ആശാൻെറ ജീവിതം തങ്ങൾക്ക് എല്ലാനിലക്കും മാതൃകയാണ്, ഒരു യഥാർഥ കലാകാരനും പച്ചമനുഷ്യനുമാണദ്ദേഹം -അനുമോൾ പറഞ്ഞു. കഥകളി ഗ്രാമം കലയെ സ്നേഹിക്കുന്ന പെൺകുട്ടികൾക്ക് മികച്ച അവസരമാണ് ഒരുക്കുന്നതെന്ന് കഥകളി ആർട്ടിസ്റ്റ് ആര്യ പറപ്പൂർ പറഞ്ഞു. പ്രഫഷനൽ ആർട്ടിസ്റ്റാകാൻ സാധിക്കുന്നതും കൂടുതൽ വേദികൾ കിട്ടുന്നതും ആഹ്ലാദകരമാണ് -ആര്യ പറയുന്നു. കുട്ടികളുടെ കഴിവുകൾ തിരിച്ചറിഞ്ഞ് പറ്റിയ വേഷം നൽകുന്നതാണ് കഥകളി ഗ്രാമത്തിൻെറ വിജയമെന്ന് സംസ്ഥാന കലോത്സവത്തിൽ മൂന്നുതവണ കഥകളിയിൽ ഒന്നാംസ്ഥാനം നേടിയ നർമദ വാസുദേവൻ പറഞ്ഞു. നല്ല പഠനാന്തരീക്ഷമാണ് കഥകളി ഗ്രാമത്തിലെന്ന് മുൻ ആർട്ടിസ്റ്റ് ഡോ. ജഹനാര റഹ്മാൻ. പെൺകുട്ടികൾക്ക് പ്രോത്സാഹനം നൽകുന്ന മറ്റൊരു കഥകളിഗ്രാമമുള്ളതായി അറിവില്ല. മൂന്നുവർഷത്തെ പരിശീലനകാലത്ത് കലാരംഗത്തെ പ്രഗല്ഭരുമായി ഇടപഴകാൻ കഴിഞ്ഞത് ഭാഗ്യമായി കരുതുന്നുവെന്നും ഡോ. ജഹനാര പറഞ്ഞു. കുട്ടികളെ മാത്രമല്ല, അമ്മമാരേയും ശ്രദ്ധേയമായ വേഷങ്ങൾ ചെയ്യിപ്പിക്കുന്നതിൽ കഥകളിഗ്രാമം വിജയം വരിച്ചതായി ആർട്ടിസ്റ്റ് സന്ധ്യ കൃഷ്ണൻ പറഞ്ഞു. അഞ്ച് അമ്മമാർ അരങ്ങത്തേക്ക് എന്ന പരിപാടി ഈ നിലക്കുള്ള ചുവടുവെപ്പായിരുന്നു. ആശാൻെറ സത്യസന്ധതയും സമർപ്പണവുമാണ് കഥകളിഗ്രാമത്തിൻെറ വിജയങ്ങൾക്ക് നിദാനമെന്നും അവർ കൂട്ടിച്ചേർത്തു. ●

ദുര്യോധനവധം കഥകളിയിൽ പാഞ്ചാലിയായി ചലച്ചിത്രതാരം അനുമോൾ ● ചിത്രം: സൂരജ് മേനോൻ





സമ്പൂർണ രാമായണം കഥകളിയിലെ ശ്രീരാമ പട്ടാഭിഷേകത്തിൻെറ രംഗാവിഷ്കാരം



# ഏകാകിയുടെ സ്വപ്നങ്ങൾ

രവീന്ദ്രൻ മാസ്റ്റർ

**ഭരത്ഗോപി സംവിധാനം ചെയ്ത 'എൻെറ ഹൃദയത്തിൻെറ ഉടമ' എന്ന സിനിമയിൽ ഒ.എൻ.വിയുടെ വരികൾക്ക് രവീന്ദ്രൻ ഈണം നൽകി പി. ജയചന്ദ്രൻ ആലപിച്ച 'ഏകാകിയാം നിൻെറ സ്വപ്നങ്ങൾക്കൊക്കെയും' എന്ന ഗാനം വ്യക്തിയും കാലവും സമൂഹവും തമ്മിലുള്ള ബന്ധത്തിൻെറ അർഥശ്രേണികൾ പങ്കിടുന്നു**



ഒ.എൻ.വി. കുറുപ്പ്



പി. ജയചന്ദ്രൻ

ഡോ. എം.ഡി. മനോജ്

പാട്ടിൽ ജീവിതത്തിൻെറ വ്യത്യസ്ത ഭാവനാലോകങ്ങൾ സൃഷ്ടിക്കുന്നതാലോചിച്ചാൽ എന്തത്ഭുതമുള്ള കാര്യമാണ്? കാതോടുകാതോരം ചെന്നെത്തുന്ന വരികളും ഈണവുംചേർന്ന് ഈ പാട്ടുഭൂമികയുടെ താക്കോൽ കേൾവിക്കാരനെ ഏൽപിക്കുമ്പോൾ തുടങ്ങുന്നു ആസ്വാദനത്തിൻെറ വൈവിധ്യമാർന്ന ആലോചനകൾ. പിന്നെ ഓരോ കേൾവിയും പാട്ടിൻെറ ഈണത്തിന് മേൽ വാഴുന്ന ഘട്ടങ്ങളിൽ അത് മറ്റൊരു ലോകത്തിലേക്ക് താനേ ഉയർത്തപ്പെടുകയാണ്. അവിടെ ചരിത്രവും ഓർമയും ചലച്ചിത്ര സന്ദർഭവും ഒത്തിണങ്ങുന്ന ഇടങ്ങൾ സ്വയമേവ രൂപപ്പെടുന്നു. ചലച്ചിത്രഗാനങ്ങൾ കഥയുടെ അന്തരീക്ഷ സൃഷ്ടിയോ അന്തരംഗാവിഷ്കാരമോ ആണ് പ്രധാനമായും ലക്ഷ്യമാക്കുന്നത്.

പലപ്പോഴും ഗാനങ്ങൾക്ക് സിനിമയിൽനിന്ന് വേറിട്ടൊരു നിലനിൽപുമില്ല. എന്നാൽ, ചില ഗാനങ്ങൾ വരിയും ഈണവും ഇണങ്ങി ഭാവസാന്ദ്രമായ ഗീതീപൈതൃകത്തെ സ്വാംശീകരിക്കുമ്പോൾ അതിന് ഒറ്റക്ക് നിൽക്കാനുള്ള കെൽപുണ്ടാകുന്നു. തീവ്രഭാവബന്ധുരമായ ലിറിക്കൽടെൻഡർനസ് നാമനുഭവിക്കുന്നു. കാവ്യാത്മക വിമൂകതയുടെ (Poetic Silence) സാന്ദ്രഭാവങ്ങൾ അടയാളപ്പെടുത്തുന്ന ഒരു പാട്ടിനെക്കുറിച്ച് പറയുമ്പോൾ അതിൽ അനന്തമായ ഏകാന്ത വിഷാദത്തിൻെറ മഞ്ജരികൾ, പാട്ടിനനുയോജ്യമായ പദാഞ്ജലികൾ, ഏകാന്തതയുടെ തച്ചുകൾ, സുഭഗമായ വാക്കുകളുടെ കൊത്തുപണികൾ... ഇങ്ങനെ ഒരു ഗാനം അനന്യമായ ഭാവതലങ്ങൾ കൈവരിച്ച് മുന്നിലേക്ക് വരുന്നു. ഭരത്ഗോപി സംവിധാനംചെയ്ത 'എൻെറ ഹൃദയത്തിൻെറ ഉടമ' എന്ന സിനിമയിൽ ഒ.എൻ.വിയുടെ വരികൾക്ക് രവീന്ദ്രൻ ഈണം നൽകി ഭാവഗായകൻ പി. ജയചന്ദ്രൻ ആലപിച്ച 'ഏകാകിയാം നിൻെറ സ്വപ്നങ്ങൾക്കൊക്കെയും' എന്ന ഈ ഗാനം വ്യക്തിയും കാലവും സമൂഹവും തമ്മിലുള്ള ബന്ധത്തിൻെറ അർഥശ്രേണികൾ പങ്കിടുന്നു.

*ഏകാകിയാം നിൻെറ സ്വപ്നങ്ങൾക്കൊക്കെയും*
*ഏഴുസ്വരങ്ങൾ ചിറകുനൽകീ*
*സ്നേഹക്ഷതങ്ങളാൽ നോവും മനസ്സിൽ*
*ചേക്കേറുവാൻ പാറിപ്പറന്നുപോയി*
*പാടിപ്പാടി പറന്നുപോയി.*

എന്ന പല്ലവിയിൽത്തന്നെ കഥാപാത്രമനസ്സിനെ കാണിച്ചുതരുകയാണ് കവി. കലാപങ്ങളുടെയും കലഹങ്ങളുടെയും കലുഷിതമായ കാലത്ത് ഏകാകിയായിപ്പോകുന്ന മനുഷ്യൻെറ ആന്തരിക ജീവിതമാണിവിടെ പാട്ടിലാവിഷ്കരിക്കപ്പെടുന്നത്. സാമൂഹികമായ ഒരേകാന്തത നേരിടുന്ന ഒരാളുടെ ആത്മാലാപം പോലെയൊന്നാണിത്. ചുറ്റുപാടും അനേകരുണ്ടായിട്ടും പറഞ്ഞറിയിക്കാനാവാത്ത ഒറ്റപ്പെടൽ അനുഭവിക്കുന്ന കഥാപാത്രത്തിൻെറ വിമൂകമായ സ്വകാര്യത എത്രമാത്രം കാവ്യാത്മകമാകുന്നുണ്ട് എന്നറിയാനും ഈ പാട്ട് കേട്ടാൽ മതിയാകും. സ്വപ്ന ഭൂമികയിൽനിന്നും യാഥാർഥ്യങ്ങളിലേക്ക് വരുമ്പോൾ മനുഷ്യനനുഭവിക്കുന്ന നിത്യവ്യഥകളുടെ ആലാപമിവിടെ വിമ്മിനിൽക്കുന്നുണ്ട്. ഏകാകിയുടെ സ്വപ്നങ്ങൾ ഏഴു സ്വരങ്ങളിലായി പരിണമിക്കുന്ന ഒരു കാലവും അപരൻെറ ശബ്ദം സംഗീതമാകുന്നൊരു കാലവുമെല്ലാം കവിയുടെ കഥാപാത്ര സങ്കൽപത്തിലുണ്ട്. എന്നാൽ, ജീവിതമെന്നത് വ്യാമോഹങ്ങളുടെ തരിശുനിലമാകുമ്പോൾ വിമോചനമാർഗങ്ങൾ നെയ്തെടുക്കാനാവാതെ സ്വയം നിർമിക്കുന്ന ഏകാകിതയുടെ ഇടങ്ങളിലേക്ക് ചേക്കേറേണ്ടതായി വരുന്നു മനുഷ്യന്.

ഓർമകൾക്കുവേണ്ടി നഷ്ടപ്രണയത്തിൻെറയും ത്യാഗത്തിൻെറയുമെല്ലാം കഥ പറയുന്ന ഈ സിനിമയിലെ കേന്ദ്ര കഥാപാത്രം പവിത്രൻ (ലാൽ) ഒരേസമയം കവിയും വിപ്ലവകാരിയുമാണ്. പവിത്രനും കോളജ് അധ്യാപികയായ ഉമയും (വാണിവിശ്വനാഥ്) തമ്മിലുള്ള ബന്ധം കാവ്യാത്മകവും അതേസമയം യാഥാർഥ്യത്തിലധിഷ്ഠിതവുമാണ്. ഇരുവരും പരസ്പര സ്നേഹം പുറത്തേക്ക് കാണിച്ചില്ലെങ്കിലും ഉമ അയാളിൽ അവളുടെ ഹൃദയത്തിൻെറ ഉടമയെ കാണുന്നു. ഒരു നല്ല നാളെ വരുമെന്ന പ്രത്യാശയിൽ സമൂഹത്തെ സ്നേഹിക്കുന്ന പവിത്രന് ജീവൻ നഷ്ടപ്പെടുന്നത് അയാളെ ആശയപരമായി പ്രതിരോധിക്കാൻ പ്രതിയോഗികൾക്ക് രാഷ്ട്രീയമായി കഴിവില്ലാത്തതുകൊണ്ടാണ്. 'സമൂഹത്തെ ആശയപരമായി ആയുധമണിയിക്കുയാണ്' താൻ ചെയ്യുന്നതെന്ന് അയാൾ സിനിമയിൽ പ്രസ്താവിക്കുന്നുണ്ട്. അഴിമതിക്കെതിരെ പൊരുതുന്നവൻ എക്കാലവും നിശ്ശബ്ദനാക്കപ്പെടുന്നു എന്നതിൻെറ പ്രതീകം കൂടിയാണിയാൾ. മനുഷ്യമോചനത്തിൻെറ തത്ത്വശാസ്ത്രം സ്വപ്നംകാണുന്ന അയാൾ 'സ്നേഹമെന്നത് നിർവചിക്കാനാകാത്തൊരനുഭവമാണെ'ന്ന് ഉമയോട് പറയുന്നു. പവിത്രൻെറ കഥാപാത്രത്തെയും വാക്കുകളെയും (രചന-പെരുമ്പടവം ശ്രീധരൻ) അതുപോലെ കടമെടുത്താണ് കവി ഈ പാട്ടിന് ജീവൻ നൽകിയിരിക്കുന്നത്. 'ഭാവിയെക്കുറിച്ച് സ്വപ്നങ്ങൾ സൂക്ഷിക്കുന്നവർ വെക്കുന്ന ഒരു ചുവട്. ചിലപ്പോൾ അതായിരിക്കും ചരിത്രത്തിൽ രേഖപ്പെടുത്തുക.

സ്വപ്നങ്ങൾക്ക് അതിൻേറതായ വിലയുണ്ട്. വിപ്ലവത്തിൻെറ അടിയിൽ സ്വപ്നങ്ങളുണ്ടെന്ന് ലെനിൻ.' ഈ വാക്കുകളാണ് കവിക്ക് പാട്ടിൻെറ പല്ലവിയെ രൂപപ്പെടുത്താൻ സഹായിച്ചിട്ടുണ്ടാവുക.

*'പോയ്‌വരൂ വേനലേ എന്നു ചൊല്ലി*
*പൂവാക തൂവാല വീശി'*

അനുപല്ലവിയിലേക്ക് പാട്ടിൻെറ ചിറകുകൾ വിടരുമ്പോൾ അവിടെ ഏകാന്തതയുടെ തീക്ഷ്ണമായ അടയാളങ്ങൾ കാണാനാകുന്നു. വേനൽ പോകുമ്പോൾ ഒറ്റക്കാകുന്ന പൂവാകയും കാണാത്ത പൂവിൽനിന്ന് കൈയിൽ പ്രസാദംപോലെ സുഗന്ധം പേറുന്ന കാറ്റുമെല്ലാം ഏകാന്തതയുടെ ഒരു ദീപ് പണിയുന്നു. 'വന്നണയാത്ത വസന്തം കന്നിമണ്ണിൻെറ പാഴ്ക്കിനാവല്ലേ' എന്നാണ് കവി ഒരു വരിയിൽ പറയുന്നത്. 'നഷ്ടപ്പെട്ട വ്യാമോഹം' (lost illusion) എന്ന് ഫ്രെഡ് യൂട്ട്‌ലി പറഞ്ഞ കാര്യം പാട്ടിൽ അവിടവിടയായി മുളയിടുന്നുണ്ട്. ഒരു നല്ല നാളെ കൈവരാനുള്ള സാധ്യത ഒരു പാഴ്ക്കിനാവ് മാത്രമാണ് എന്ന് കഥാപാത്രത്തിലൂടെ കവിയും ഒരു വേള ചിന്തിക്കുന്നു. ചരണത്തിലേക്ക് നടന്നടുക്കുമ്പോൾ പാട്ടിനൊരു പ്രപഞ്ച പ്രണയത്തിൻെറ കനം കൂടി വീണ്ടുകിട്ടുന്നു.

*'കാറ്റിൻെറ കൈയിൽ പ്രസാദമായി*
*കാണാത്ത പൂവിൻ സുഗന്ധം'*

പാട്ട് അവസാനിക്കുന്നത് അനുപല്ലവിയിൽ പറഞ്ഞതുപോലെയൊരു നഷ്ടമോഹത്തിൻെറ സാന്ദ്രസ്മൃതിയിലാണ്. അനുപല്ലവിയിൽ കിളികൾ പാടിയ സത്യം ചരണത്തിൽ പാതിരാപ്പുള്ളുകൾ കേണുചൊല്ലുകയാണ്. 'സുന്ദര വാഗ്ദത്ത തീരം നമ്മൾ കാണുന്ന പാഴ്ക്കിനാവല്ലേ' എന്ന ചോദ്യവും നേരത്തേ പറഞ്ഞ നഷ്ടവ്യാമോഹത്തിൻെറ അലകളുമെല്ലാം യീറ്റ്സിൻെറ 'ബൈസാൻഷിയം'പോലെയൊന്ന് പാട്ടിൽ കൊണ്ടുവരുന്നു. പുനർജനിക്കുമ്പോൾ പാട്ടിലെ കിളിയും പാതിരാപ്പുള്ളുകളുമൊക്കെ കഥാപാത്ര മനസ്സായി മാറുകയാണ്. മനുഷ്യൻെറ സ്വപ്ന യാഥാർഥ്യങ്ങളാകുന്ന ജീവിതതീരങ്ങൾ നഷ്ടമാകുമ്പോൾ ഏകാകികളുടെ ശബ്ദമിടറുകയാണെന്ന് പാട്ടിൽ നാം തിരിച്ചറിയുന്നു. അതേസമയം, പാട്ടിലുടനീളം കഥാപാത്രങ്ങൾ തമ്മിലുള്ള നിശ്ശബ്ദ പ്രണയത്തിൻെറ പതാകകൾ അവിടവിടയായി പാറുന്നുമുണ്ട്. എൻെറ കൂട്ടുകാർ ചേർന്നൊരു പ്രസിദ്ധീകരണം തുടങ്ങുന്നുണ്ട്. അതിലേക്കൊരു തർജമ വേണമെന്നുപറഞ്ഞ് പവിത്രൻ, ഉമയെ ഏൽപിക്കുന്ന ചെഗുവേരയുടെ ജീവിത പുസ്തകം അവൾ വായിച്ചെഴുതുന്ന ഫ്രെയിമിൽ നിന്നാണ് ഈ പാട്ടിലെ മൗനവിടർച്ചകൾ. കൊലചെയ്യപ്പെടുന്ന പവിത്രൻെറയും ചെഗുവേരയുടെയും ജീവിത സമാന്തരതകൾ രേഖപ്പെടുത്തുവാനുള്ള നിയോഗം ഈ ഗാനം അതിൻെറ മുഴുവൻ ജാഗ്രതയോടെയും ഏറ്റെടുക്കുകയായിരുന്നു. 'ശത്രുവിൻ വെട്ടേറ്റുവീണവർതൻ ചുടുരക്തത്തിൽ പൂക്കൾ വിടരും' എന്നൊരുവരി ഈ സിനിമയിലെ മറ്റൊരു പാട്ടിൽ ഒ.എൻ.വി എഴുതിവെച്ചതും പവിത്രൻ എന്ന കഥാപാത്രത്തിന് ഉയിർനൽകാനായിരുന്നു. മനുഷ്യന് അഭയം നൽകാനാകാത്ത പ്രത്യയശാസ്ത്രത്തിനേ സൗന്ദര്യമുള്ളൂവെന്നും അവിടെ വിപ്ലവം കാൽപനികതയെയും ആശ്രയിക്കുമെന്ന് വിശ്വസിക്കുന്ന ഒരു കഥാപാത്രത്തിൻെറ മനസ്സ് ഇടർത്തിക്കാട്ടുന്ന പാട്ടായതിനാൽ ഇത് പ്രണയത്തിനും മരണത്തിനും അപ്പുറം ജീവിതത്തിലേക്കും വന്നണയുകയാണ്.

പാട്ടോരം

സംഗീത രാഗജാലകളെ അസാധാരണമാംവിധം തെളിയിച്ചുനിർത്തിയ രവീന്ദ്രൻ ഈ പാട്ടിലാവിഷ്കരിച്ചത് ഭാവജ്വാലകളുടെ സമ്മോഹനതകളായിരുന്നു. ഏകാകിയുടെ സ്വപ്നങ്ങൾക്ക് ഏഴു സ്വരങ്ങളുടെ ചിറകുകൾ നൽകാൻ ഭാവഗീതാത്മകതയുടെ ഇത്തരമൊരു പ്രകാശന രീതിതന്നെ വേണമെന്ന് അദ്ദേഹം നിനച്ചിട്ടുണ്ടാകും; കവിതയുടെ ഏറ്റവും സൂക്ഷ്മവും കേവലവുമായ രൂപം ഭാവഗീതമായിരിക്കെ അത് പേഴ്സനൽ സ്റ്റേറ്റ്മെൻേറാ ഇൻറിമേറ്റ് കൺഫെഷനോ ഒക്കെയായി മാറിക്കൊണ്ടേയിരിക്കും സിനിമയിൽ ഇടംതേടുമ്പോൾ. ഭാവഗീതത്തിന് ചിലപ്പോഴെങ്കിലും നൽകാൻ കഴിയുന്ന ഒരീണത്തിൻെറ ശോകസ്ഥായികൾ കൂടി ഈ പാട്ടിലുണ്ട്. ഒരേസമയം കത്തിജ്ജ്വലിക്കുകയും മരവിക്കുകയും ചെയ്യുന്ന പ്രണയാതുരമായ ഒരവസ്ഥയെ അനുഗാനം ചെയ്യുന്ന കഥാപാത്ര മനസ്സിനെ കണ്ടതിലാണ് കവിയുടെ വിജയം. പുതിയൊരു സ്വാതന്ത്ര്യത്തിൻെറയും സ്നേഹത്തിൻെറയും കൊടിക്കൂറകൾ സ്വപ്നംകാണുന്ന നായകൻ 'നിലനിൽപും നിശ്ശൂന്യതയും' (സാർത്ര്) ഉണ്ടാക്കുന്ന പ്രതിസന്ധിയും നേരിടുന്നു.

വാസന്തി രാഗത്തിൻെറ സൂക്ഷ്മശ്രുതിയിലായിരുന്നു ഏകാകിയുടെ ഈ സ്വപ്നഗീതം. ജീവിത സന്ദർഭങ്ങളോട് രവീന്ദ്രൻ പുലർത്തിയ മൗലികമായ നിരീക്ഷണത്തിൻെറ തിളങ്ങുന്ന നേർക്കാഴ്ചയാണിത്. ധൈവതത്തിൽ മോഹനരാഗത്തിൽനിന്ന് വ്യതിയാനപ്പെടുന്ന വാസന്തിയിൽതന്നെയായിരുന്നു രവീന്ദ്രൻ 'പുഴയോരഴകുള്ള പെണ്ണ്' എന്ന പാട്ടുമുണ്ടാക്കിയത്. പി. ജയചന്ദ്രൻെറ ഭാവസാന്ദ്രമായ ആലാപന ദീക്ഷകളിൽ ഈ ഗാനം സുഭദ്രമായിത്തീർന്നതിൽ അത്ഭുതമൊട്ടുമില്ല. വാക്കുകൾക്കും അക്ഷരങ്ങൾക്കുമിടക്ക് ഉയിർക്കൊള്ളുന്ന മൗനത്തിൻെറയും ശോകത്തിൻെറയും മോഹഭംഗത്തിൻെറയുമൊക്കെ ഇടങ്ങളെ പൂരിപ്പിക്കാൻ അത്തരമൊരു ഭാവ ഭംഗിക്കല്ലാതെ സാധ്യമല്ലല്ലോ. ലയസുഭഗമായ ഒരാലാപനത്തിൻെറ അദൃശ്യഭംഗികൾ ഈ പാട്ടിൽ നിമഗ്നമായിട്ടുള്ളതും എടുത്തുപറയേണ്ടതാണ്. ഫ്ലൂട്ടിൻെറയും വയലിനുകളുടെയും ബന്ധുരസമന്വയ ഭംഗികൾ ആണ് ഈ ആലാപനത്തെ പൂരിപ്പിക്കുന്നത്.

വാക്കുകളിൽ നിന്നുണർന്നുവരുന്ന സംഗീതത്തിൽ രവീന്ദ്രൻ സൂക്ഷ്മശ്രുതികൾ ചേർത്തുവെച്ചു എന്നതിന് ഈ പാട്ടിലുമുണ്ട് എത്രയോ ഇടങ്ങൾ. 'പാടിപ്പറന്നുപോയി', 'താണിരുന്നാടും കിളികൾ പാടി', 'പോയ്‌വരൂ വേനലേ', 'പാഥേയമായൊരു പാട്ട് തരൂ' എന്നീ ഭാഗങ്ങളൊക്കെത്തന്നെ രവീന്ദ്രൻ കൂടുതൽ ഭാവഭംഗിയുള്ളതാക്കിത്തീർത്തു. ഏകാകിയുടെ ഗാനങ്ങൾ എപ്പോഴും പൊലിപ്പിച്ചെടുക്കുന്ന ജയചന്ദ്രൻെറ അനന്യസുരഭിലമായ ആലാപനഭംഗി കൂടിയാണ് ഈ ഗാനം. ഓർക്കസ്ട്രേഷനിലെ സൗമ്യതയും മിതത്വവും പാട്ടിനെ അത്രക്കും ഏകാന്തദീപ്തമാക്കുന്നുണ്ട്. ഏകാകിയുടെ സ്വപ്നങ്ങൾ ഭാവാർദ്രമായി പങ്കിടുന്ന ഈ പാട്ടിലെ സൗന്ദര്യസങ്കൽപങ്ങൾ കാലത്തെ അതിജീവിച്ചുനിലകൊള്ളുമെന്നുറപ്പാണ്.

ചരിത്രം

# ചരിത്രമുറങ്ങും പ്രദക്ഷിണ വഴിയിൽ

രാജശ്രീ നിലമ്പൂർ

വെളിച്ചം ഇരുട്ടിനെ വകഞ്ഞുമാറ്റുന്ന നിമിഷത്തിൽ, ദൂരെനിന്ന് കുതിരക്കുളമ്പടി കേട്ട് അർധനഗ്നരായ കൃഷിക്കാർ വഴി മാറി നിന്നു. കടന്നുപോയ കാറ്റിനെ "തമ്പ്രാൻ തമ്പ്രാൻ..." എന്നു വാ പൊത്തിപ്പറഞ്ഞ് ജോലിക്കായി അവർ വയലുകളിലേക്കിറങ്ങി. കോവിലകത്തെ ഭക്തൻ തമ്പുരാൻ അങ്ങകലെ മലമുകളിലെ വേട്ടേക്കരപ്പനെ തൊഴാൻ പോകുകയാണ്. രണ്ടുവരി ചുടുകട്ടകളാൽ നിർമിച്ച കുതിരക്കുളമ്പടി പാതയിലൂടെ, കരുവാരക്കുണ്ട് കേരള എസ്റ്റേറ്റ് വഴി പതിനേഴ് മൈലാണ് നിലമ്പൂരിൽനിന്ന് ഗൂഡല്ലൂർ നമ്പാലക്കോട്ടയിലെ വേട്ടെക്കൊരു മകൻ ക്ഷേത്രത്തിലേക്കുള്ള ദൂരം. ദിവസവും തൊഴുതു തിരിച്ച് മടങ്ങുന്നതായിരുന്നു അദ്ദേഹത്തിൻെറ ശീലം. കേട്ട കഥകളിലെ ഇടംതേടി നമ്പാലക്കോട്ടയിലെത്തുമ്പോൾ, ചുവപ്പും വെള്ളയും പൂശിയ മൺപടവുകൾക്കപ്പുറം ക്ഷേത്രത്തിൻെറ പ്രദക്ഷിണ വഴിയിലായി കരിങ്കല്ലിൽ കൊത്തിയ നാലു തൂണുകളുള്ള കൽമണ്ഡപം തലയുയർത്തി നിൽക്കുന്നുണ്ടായിരുന്നു. വേട്ടേക്കരപ്പനും ഭക്തൻ തമ്പുരാനും ചതുരംഗം കളിച്ചിരുന്നത് ഈ മണ്ഡപത്തിലിരുന്നായിരുന്നത്രെ. വേട്ടേക്കരപ്പൻ കിരാതമൂർത്തിയാണെന്ന് പ്രകീർത്തിക്കപ്പെടുന്നുണ്ടെങ്കിലും, പ്രത്യക്ഷദൈവമായിരുന്നെന്നാണ് കരുതേണ്ടത്. കൃത്യമായി പറഞ്ഞാൽ ജീവിച്ചിരുന്ന ആൾദൈവം. വലിയൊരു ശ്രീകോവിലാണ് നമ്പാലക്കോട്ടയിലേത്. ഒരേസമയം പഴമയുടെ ലാളിത്യവും പ്രൗഢിയും വിളിച്ചോതുന്ന ഓടിട്ട കെട്ടിടങ്ങൾ ശ്രീകോവിലിന് അനുബന്ധമായുണ്ട്. ഇവിടെ ശിവരാത്രിക്കും വേനൽക്കാലത്ത് ഒരു ദിവസവും ഉത്സവമുണ്ട്. പൊതുക്ഷേത്രമാണെങ്കിലും നിലമ്പൂർ കോവിലകത്തിൻെറ കീഴിലാണ് മേൽശാന്തി നിയമനവും മറ്റും. പടികളിറങ്ങിയാൽ ആലിൻചുവട്ടിലെ സർപ്പപ്രതിഷ്ഠകളും ഭദ്രകാളിത്തറയുമാണ്. ഇതിനടുത്തായി കുലദേവതസങ്കൽപത്തിൽ ചെറിയൊരമ്പലവും പ്രതിഷ്ഠയുമുണ്ട്.



ഗൂഡല്ലൂർ നമ്പാലക്കോട്ട ക്ഷേത്രം

പഴശ്ശിരാജ വംശത്തിൽ വയനാട്ടിലുണ്ടായിരുന്ന 'വാഴുന്നോർ' എന്ന് സ്ഥാനപ്പേരുള്ള കുടുംബമായിരുന്നത്രെ ഇവിടെ താമസിച്ചിരുന്നത്. ക്ഷേത്രം കഴിഞ്ഞ് മലമുകളിലേക്ക് കയറിയാൽ പഴശ്ശിരാജയുടെ കോട്ടയുടെ അവശിഷ്ടങ്ങൾ. അവിടെ നിന്ന് നോക്കിയാൽ പ്രധാന സ്ഥലങ്ങളെല്ലാം കാണാമായിരുന്നു. തന്ത്രപ്രധാനമായ ഇടത്താണ് പഴശ്ശി കോട്ട പണിതത്. ആരും നോക്കാനില്ലാതെ ക്ഷയിച്ചുതുടങ്ങിയപ്പോൾ വാഴുന്നോർ കുടുംബാംഗങ്ങളെ ഭക്തൻ തമ്പുരാൻ നിലമ്പൂർ കോവിലകത്തിലേക്ക് കൂട്ടിക്കൊണ്ടുവരുകയായിരുന്നെന്നാണ് പറയപ്പെടുന്നത്. അതിശക്തനായ കുതിരയെയായിരുന്നു തമ്പുരാൻ നമ്പാലക്കോട്ടയിലേക്കുള്ള യാത്രക്കായി ഉപയോഗിച്ചിരുന്നത്. കാട്ടുമൃഗങ്ങളുടെ സാമീപ്യമറിയാനും രണ്ടടിപ്പാതയിൽ വേഗമുറപ്പിക്കാനും അതിന് കഴിഞ്ഞിരിക്കണം. കാലമേറെ ചെല്ലുന്തോറും വേഗമേറിയ കുതിരകൾ അദ്ദേഹത്തേയുംകൊണ്ട് മുളങ്കാടുകൾ താണ്ടി ദിനവും ദർശനത്തിന് കുതിച്ചു. ഏറെക്കാലം കഴിഞ്ഞപ്പോൾ "ഇനി വയ്യൻെറ വേട്ടേക്കാരാ, ദിവസവും വന്നു തൊഴാൻ, എൻെറ കൂടെ ദയവുണ്ടായി നിലമ്പൂരിലേക്ക് വരണേ" എന്ന പ്രാർഥന കേട്ട്, തന്നെ ചുരികയിൽ ആവാഹിക്കാൻ വേട്ടേക്കരൻ തന്നെ കൽപിക്കുച്ചു എന്നാണ് വിശ്വാസം. കോവിലകത്തിനടുത്തായി അതിഗംഭീരമായ ക്ഷേത്രം പണി ചെയ്ത് വേട്ടേക്കരനെ പ്രതിഷ്ഠിച്ചു. വലിയ പടിവാതിലുകളോടെയുള്ള ക്ഷേത്രം വേട്ടെക്കൊരുമകൻ കാവ് എന്നറിയപ്പെടാൻ തുടങ്ങി. ഇവിടെ ഉത്സവമല്ല, കാവുകൾക്ക് നടത്തപ്പെടുന്ന അടിയന്തരമാണ് പതിവ്. കൊടിമരമില്ല, പകരം കൊടിക്കൂറയാണുള്ളത്. വർഷത്തിലൊരിക്കൽ കാടിൻെറ മക്കൾ കാടിറങ്ങി വേട്ടേക്കരനെ കാണാൻ വരും. അന്ന്, ധനുമാസം ഇരുപതിന് നിലമ്പൂർ പാട്ടുത്സവം ആരംഭിക്കും. കൊടി ഉയർത്തുന്നതോടെ എല്ലാവർക്കും ഭക്ഷണമുണ്ട് എന്ന അറിയിപ്പാണ് ആദ്യം. പതിനായിരങ്ങൾ പങ്കെടുക്കുന്ന സർവാണി സദ്യയിൽ, മതിയോ എന്നു മൂന്ന് തവണ വിളിച്ചുചോദിച്ച് മാത്രമവസാനിക്കുന്ന ഊട്ട്. അവകാശമായി കിട്ടിയ ചോറും കറികളും തോർത്തുമുണ്ടിൽ കെട്ടി കാടിൻെറ മക്കൾ പുഴയിലേക്കിറങ്ങും. തോർത്തുഭാണ്ഡം തലയിൽ വെച്ച് പുഴയിൽ മുങ്ങും. ശുദ്ധമായി കിട്ടിയ ചോറ് പാറമേൽ വെച്ചുണക്കി, മുളങ്കുറ്റിയിൽ നിറച്ച്, അരക്ക് വെച്ച് ഭദ്രമായടച്ച് അവർ കാട്ടിലേക്ക് മടങ്ങും. ഏതു മഹാവ്യാധികൾക്കും വേട്ടേക്കരൻെറ ഈ പ്രസാദമാണ് അവർക്ക് ഔഷധം.

പന്ത്രണ്ടാം നൂറ്റാണ്ടിൽ സാമൂതിരി രാജാവിൻെറ സാമന്തന്മാരായി പാറക്കടവിൽ (വേട്ടെക്കൊരു മകൻ ക്ഷേത്രത്തിന് സമീപത്തെ കടവ്) ജലമാർഗം എത്തിച്ചേർന്ന നിലമ്പൂർ കോവിലകത്തിലെ ആദ്യ തലമുറ മണ്ണു കൊണ്ടുണ്ടാക്കിയ പത്തായപ്പുരകളിലാണ് താമസിച്ചത്. കൃഷി ചെയ്യാൻ കൊടുങ്ങല്ലൂരിൽനിന്ന് മുസ്‍ലിംകളെയും തമിഴ്നാട്ടിൽനിന്ന് കച്ചവടം രക്തത്തിൽ അലിഞ്ഞുചേർന്ന ചെട്ടിയാന്മാരെയും കൊണ്ടുവന്നു. നിലമ്പൂർ ടൗൺ ചെട്ടിയങ്ങാടി എന്നറിയപ്പെടാൻ കാരണമിതാണ്. മൺപാത്ര നിർമാണത്തിനായി ആന്ധ്രയിൽനിന്ന് കുംഭാരന്മാരെയും കൊണ്ടുവരുകയുണ്ടായി. നിലമ്പൂർ കോവിലകം, മാനവേദൻ രാജയുടെ ഭരണകാലത്ത് യശസ്സിലേക്കുയർന്നു. നിലമ്പൂർ ഗവൺമെൻറ് യു.പി സ്കൂൾ, പൊലീസ് സ്റ്റേഷൻ, ആശുപത്രി എന്നിവ അദ്ദേഹത്തിൻെറ കാലത്താണ് സ്ഥാപിക്കപ്പെട്ടത്. ഹൈസ്കൂളിനായി ഇരുപത്തൊന്ന് ഏക്കർ സ്ഥലവും കെട്ടിടവും നൽകുമ്പോൾ മാനവേദൻെറ പേര് ഈ നാടിൻെറ ഭാവികാലത്തിലേക്കു കൂടി രേഖപ്പെടുത്തുകയായിരുന്നു. കേരളീയ വാസ്തുശാസ്ത്ര മാതൃകയിൽ നിർമിച്ച നിലമ്പൂർ കോവിലകത്തിൽ ബ്രിട്ടീഷ് ആർകിടെക്ചറിൻെറ സ്വാധീനം കാണാം. നിലമ്പൂർ കാട്ടിലെ മരങ്ങളുടെ കാതൽക്കരുത്തുകൂടി ഇവിടെ പ്രകടമാണ്.

ജനുവരിയിൽ നടക്കാറുള്ള പാട്ടുത്സവത്തിന് ആയിരങ്ങളാണ് നിലമ്പൂരിലേക്ക് ഒഴുകിയെത്തുന്നത്. അതിൽ പലർക്കുമറിയുന്നുണ്ടാകില്ല, കുളമ്പടി മുഴക്കമുള്ള ഈ നാടിൻെറ ചരിത്രം. ഗൂഡല്ലൂരിലെയും നിലമ്പൂരിലെയും വേട്ടേക്കരപ്പൻ ക്ഷേത്രങ്ങളും ചരിത്രത്തിൻെറ ഭാഗമായി തലയെടുപ്പോടെ കാലത്തെ അതിജീവിക്കുന്നു. ●



നിലമ്പൂർ വേട്ടെക്കൊരുമകൻ ക്ഷേത്രം

**കേരളത്തിൻെറയും തമിഴ്നാടിൻെറയും അതിർത്തിപ്രദേശങ്ങൾക്ക് ഭക്തിയും ചരിത്രവും ഇഴചേർന്നതും അത്ര അറിയപ്പെടാത്തതുമായ ഒരു കഥ പറയാനുണ്ട്. നിലമ്പൂരിലും ഗൂഡല്ലൂരിലും സ്ഥിതിചെയ്യുന്ന രണ്ടു ക്ഷേത്രങ്ങളുടെ ചരിത്രത്തിൻെറ ഓർമകൾ. അതിലുപരി അധികാരവും അടിയാളരും സമ്പത്തുമെല്ലാം നിറഞ്ഞുനിന്ന ഒരു കാലത്തിൻെറ നേർചിത്രം കൂടിയാണിവ**

## കത്തുകൾ

### നവദേശസ്നേഹികൾ

വാരാദ്യ മാധ്യമം ലക്കം 1617ൽ 'നവദേശസ്നേഹികൾ' എന്ന തലക്കെട്ടിൽ കെ.ഇ.എൻ എഴുതിയ ലേഖനം കാലികപ്രസക്തമാണ്. വർത്തമാനകാല ഇന്ത്യൻ ജനാധിപത്യം എത്രമാത്രം അപകടത്തിലാണെന്ന് ലേഖനം വരച്ചുകാട്ടുന്നു. ചരിത്രബോധം കുറഞ്ഞ വിശിഷ്യാ, വളച്ചൊടിക്കപ്പെട്ട ചരിത്രപാഠങ്ങളാൽ തെറ്റായ പൊതുബോധം സൃഷ്ടിക്കപ്പെട്ട ഇന്ത്യയിലെ യുവതലമുറക്ക് കൃത്യമായ അറിവും ദിശാബോധവും നൽകുന്നു ലേഖനം. രാജ്യത്തിൻെറ മൂല്യങ്ങളെ തച്ചുതകർത്ത് പകയും വെറുപ്പും വിദ്വേഷവും മുഖമുദ്രയാക്കി വസ്തുതകൾ വളച്ചൊടിച്ച് ഇന്ത്യൻ ജനാധിപത്യത്തെ തുറുങ്കിലടക്കാൻ ശ്രമിക്കുന്ന ഫാഷിസ്റ്റ് ശക്തികളെ പ്രതിരോധിച്ച്, യഥാർഥ രാജ്യസ്നേഹം ഉൾക്കൊണ്ട്, ജനാധിപത്യ മൂല്യങ്ങളെ തിരിച്ചുപിടിക്കാൻ ഓരോ ഇന്ത്യൻ പൗരനും നിലവിലെ സാഹചര്യത്തിൽ കടമയുണ്ട് എന്നുണർത്തുന്നതുകൂടിയാണ് ലേഖനം.

വഹാബ് സി. മാളിയേക്കൽ, വെട്ടം, തിരൂർ

### ആറ്റിക്കുറുക്കിയ കവിത

വാരാദ്യ മാധ്യമം 1617ാം ലക്കത്തിൽ പ്രസിദ്ധീകരിച്ച 'മൂന്നുകാലങ്ങളിൽ ശവം' എന്ന കവിത എനിക്ക് വളരെ ഇഷ്ടമായി. വി. ഹിക്മത്തുല്ല എന്ന കവി വെറും മൂന്നുവരികൾകൊണ്ട് വലിയൊരാശയം മുന്നോട്ടുവെച്ചിരിക്കുന്നു.

പി.പി. ശ്രീരാഗ് കരുണപ്ര

### ജനറൽ പിക്ചേഴ്സ് രവി

ലക്കം 1617 വാരാദ്യ മാധ്യമത്തിൻെറ പകുതി പേജും കഴിഞ്ഞകാല ചലച്ചിത്ര പ്രവർത്തകരെ ഓർമിപ്പിക്കാൻ നീക്കിവെച്ചത് ചലച്ചിത്രപ്രേമികൾക്ക് അതിയായ സന്തോഷം നൽകി. ബി.എ. ചിദംബരനാഥിനെയും ജനറൽ പിക്ചേഴ്സിനെയും അതിൻെറ ഉടമ രവീന്ദ്രനാഥൻ നായരെയും കുറിച്ച് രണ്ട് ലേഖനങ്ങൾ. ലേഖനത്തിലുടനീളം അദ്ദേഹത്തെ 'അച്ചാണി രവി' എന്നുവിശേഷിപ്പിച്ചുകണ്ടു. ആ വിശേഷണം മാധ്യമപ്രവർത്തകർ ചാർത്തിക്കൊടുത്ത വിശേഷണമാണ്. 'അച്ചാണി'ക്ക് മുമ്പും 'തമ്പ്'ന് ശേഷവും ജനറൽ പിക്ചേഴ്സ് രവി എന്നുതന്നെയായിരുന്നു എഴുപതുകൾ മുതൽതന്നെ ചലച്ചിത്ര മാധ്യമങ്ങൾ അദ്ദേഹത്തെ വിശേഷിപ്പിച്ചിരുന്നത്. കാരണം, അക്കാലത്ത് രവി എന്ന പേരിൽ എഡിറ്ററും സംവിധായകനുമായൊരു ചലച്ചിത്രകാരനും സജീവമായിരുന്നു.

കരീംലാല, കൈപമംഗലം

### അറക്കൽ ബീവിമാർ

ലക്കം 1616 വാരാദ്യ മാധ്യമത്തിൽ അറക്കൽ രാജകുടുംബത്തെക്കുറിച്ചുള്ള ലേഖനം ശ്രദ്ധേയമായി. ഒരുപാട് കാലമായി അറക്കൽ സ്വരൂപത്തെക്കുറിച്ച് മനസ്സിലുണ്ടായിരുന്ന സംശയങ്ങൾ തീർക്കാൻ ഇത് ഉപകാരപ്പെട്ടു.

ബിച്ച അഷ്റഫ് കൈതക്കോട്, കൊണ്ടോട്ടി

### ഉള്ളുലക്കുന്ന കഥ

വാരാദ്യ മാധ്യമം ലക്കം 1616ൽ ഷീബ ഇ.കെ


വാരാദ്യ മാധ്യമം
നവ ദേശസ്നേഹികൾ
ഇടപെടൽ
കെ.ഇ.എൻ

എഴുതിയ 'ദാൽ തടാകത്തിലെ ഷിക്കാരക്കാരൻ' എന്ന കഥ മനസ്സിനെ വല്ലാതെ ഉലക്കുന്നതായിരുന്നു. 'ഭൂമിയിലെ സ്വർഗം' എന്ന് വിശേഷിപ്പിക്കുന്ന കാലം മനോഹരമായ കശ്മീർ ദേശത്തിനുണ്ടായിരുന്നു. കഥാപാത്രമായ ഷൗക്കത്തിലൂടെ കഥാകാരി ശക്തമായ ചില അപ്രിയ സത്യങ്ങൾ വിളിച്ചുപറയുന്നുണ്ട്. തീവ്രവാദികളല്ല, മറിച്ച് അധികാരവും രാഷ്ട്രീയവും തലക്കുപിടിച്ചവരാണ് കശ്മീരിൻെറ പ്രശ്നം. കശ്മീരിൻെറ നാശത്തിന് കാരണം അത്തരക്കാരുടെ കുടുസ്സ് ചിന്താഗതികളും സ്വാർഥതയുമാണ്. അവർതന്നെയാണ് കശ്മീരിൽ തീവ്രവാദികളെ സൃഷ്ടിക്കുന്നത്. പക്ഷേ, യാഥാർഥ്യം മനസ്സിലാക്കാൻ തയാറാകാത്ത, മാറിമാറി വരുന്ന ഭരണകൂടങ്ങൾ കശ്മീരിനെ കൂടുതൽ സങ്കീർണതകളിലേക്ക് തള്ളിവിടുകയാണ്. അവർതന്നെയാണ് ഭൂമിയിലെ സ്വർഗം നരകമാക്കിക്കൊണ്ടിരിക്കുന്നതും. പച്ചമനുഷ്യരുടെ ആകുലതകളും വ്യാകുലതകളും മനോഹരമായി കഥയിലൂടെ ആവിഷ്കരിച്ചു.

എം.എം. അബ്ദുന്നൂർ, നടക്കൽ, ഈരാറ്റുപേട്ട

### കേരള സാഹിത്യ അക്കാദമി ചെറുകഥ ശിൽപശാല 2019

കേരള സാഹിത്യ അക്കാദമി ആഗസ്റ്റ് 10, 11, 12 തീയതികളിൽ അങ്കമാലിക്കടുത്തുള്ള കാലടിയിൽ സംസ്ഥാനതല ചെറുകഥ ശിൽപശാല സംഘടിപ്പിക്കുന്നു. 18 മുതൽ 40 വരെ വയസ്സുള്ള യുവ എഴുത്തുകാർക്ക് പങ്കെടുക്കാം.
തെരഞ്ഞെടുക്കപ്പെടുന്നവർക്ക് താമസം, ഭക്ഷണം, യാത്രാബത്ത എന്നിവയും സാക്ഷ്യപത്രവും അക്കാദമി നൽകും. മലയാളത്തിൽ തയാറാക്കിയ അപേക്ഷയും ബയോഡാറ്റയും ഏറ്റവും പുതിയ ഒന്നോ രണ്ടോ കഥകളുടെ കോപ്പിയോടൊപ്പം ജൂലൈ 15ന് മുമ്പ് സെക്രട്ടറി, കേരള സാഹിത്യ അക്കാദമി, തൃശൂർ 680020 എന്ന വിലാസത്തിൽ ലഭിക്കണം. ഫോൺ: 0487 2331069, Email: keralasahityaakademi@gmail.com

വാരാദ്യമാധ്യമത്തിലേക്കുള്ള കത്തുകൾ വാട്സ്ആപ് വഴിയും രചനകൾ ഇ-മെയിലിലൂടെയും അയക്കാം.
whatsapp: 9645006105
e-mail: varadyam@madhyamam.in
പത്രാധിപർ, വാരാദ്യമാധ്യമം, വെള്ളിമാട്കുന്ന്. പി.ഒ, കോഴിക്കോട് -12

കഥ

# ആഴങ്ങളിലെ മുറിവ്



● ചിത്രീകരണം: സജീവ് കീഴരിയൂർ

**ഷംനാസ് കാലായിൽ**

ഇറുക്കിയടച്ച കൺപോളകൾക്കുള്ളിലൂടെ സൂചിമുനയെന്നപോൽ കൂർത്ത അഗ്രത്തോടെയാണ് ട്യൂബ് ലൈറ്റിലെ വെളിച്ചം ആഴ്ന്നിറങ്ങുന്നത്. ശ്വാസമടക്കിപ്പിടിച്ച് കിടക്കുമ്പോൾ അമ്മ വന്ന് അത് ഓഫ് ചെയ്തത് അവനറിഞ്ഞു. പിന്നെയും തീരാത്ത അസ്വസ്ഥത. അച്ഛനുമമ്മയും കിടക്കാനെത്തിയിരിക്കുന്നു. ചുറ്റും പടർന്നിരിക്കുന്ന ഇരുട്ടിനും ആകെ പരന്നിരിക്കുന്ന നിശ്ശബ്ദതക്കും ഒരുതരിപോലും ഉറക്കം തരാൻ കഴിയില്ലെന്ന് മനുവിന് ഉറപ്പായിരുന്നു. ഇടനെഞ്ചിലെ പെരുമ്പറകൊട്ട്... അവിടെനിന്നും ഇടക്കിടെ ദേഹമാസകലം വ്യാപിക്കുന്ന കൊള്ളിയാൻ, അത് ഒരു 11 വയസ്സുകാരന്റെ മനോനില തകർക്കുന്നതായിരുന്നു. വഴിവക്കിൽനിന്ന് വീട്ടിനുള്ളിലേക്ക് എപ്പോൾവേണമെങ്കിലും കടന്നുവരാനുള്ള ശബ്ദകോലാഹലങ്ങളെയും നിലവിളിയെയും അവൻ അത്രകണ്ട് പ്രതീക്ഷിക്കുന്നുണ്ട്... ഉടൻ മാറിമറിയാനിരിക്കുന്ന തന്റെ ലോകം. ഉറക്കെയൊന്ന് നിലവിളിച്ചാലെങ്കിലും ആരെങ്കിലും ചേർത്തുപിടിക്കാനിടയുണ്ടോ...അറിയില്ല.

അവധിക്കാലമാരംഭിക്കുന്നതിനു മുന്നേ തീരുമാനിക്കപ്പെട്ടതാണ് ഉറ്റചങ്ങാതി അപ്പുവിനുള്ള നീന്തൽ പരിശീലനം. കഴിഞ്ഞ അവധിക്കാലത്തെ നാട്ടിലെ ചേട്ടന്മാരുടെ കോച്ചിങ് തന്നെയൊരു നീന്തൽ ഗുരുവാക്കി മാറ്റിയിട്ടുണ്ടെന്ന് മനു ഉറച്ച് വിശ്വസിച്ചിരുന്നു. "എളുപ്പാഡാ...,നിന്നെ ഞാൻ പഠിപ്പിക്കും," തുലാമഴയുള്ളൊരു അവസാന പീരിയഡിൽ കോമ്പസുകൊണ്ട് ബെഞ്ചിൽ പേരുകോറിയിട്ട് മനു ഇതു പറയുമ്പോൾ അപ്പുവിന്റെ മുഖം തുടിക്കുന്നത് അവൻ കണ്ടിരുന്നു. പുത്തനൊരുവിദ്യ പഠിപ്പിക്കാമെന്ന വാക്കുകേട്ട് അവൻ തനിക്ക് ശിഷ്യപ്പെട്ടതുപോലെയാണ് മനുവിനപ്പോൾ തോന്നിയത്. കുഞ്ഞുള്ളം അഭിമാനംകൊണ്ട് നിറഞ്ഞു. അന്നുമുതൽ ഇന്നോളം മനസ്സ് നിറയെ കൊണ്ടുനടന്ന ഓർമകൾ നാട്ടിലെ ചിറക്കുളത്തിൽ തന്റെ ശിക്ഷണത്തിൽ അപ്പുവിനുള്ള നീന്തൽ ക്ലാസായിരുന്നു.

അവന്റെ അച്ഛൻ മുമ്പേ മരിച്ചതാണ്. കവലയിൽ തട്ടുകട നടത്തുകയാണ് അമ്മ. വൈകുന്നേരമാണ് അവർ വീടുവിട്ടു കടയിലേക്ക് പോകുക. നീന്തൽ പഠനം ഈ നേരമാക്കാമെന്ന് തീരുമാനിച്ചതിനു പിന്നിൽ അത് ആരും ശ്രദ്ധിക്കാത്ത സമയമാണെന്ന ഉറച്ചബോധ്യമായിരുന്നു.

ശേഷം നടന്നതൊന്നും ആലോചിക്കാൻ മനുവിന് കഴിയുമായിരുന്നില്ല. ഉള്ളിലെ അങ്കലാപ്പിന് ഒരറുതിയുമില്ല, കണ്ണടച്ചാലും തുറന്നാലും.

എന്തിനായിരുന്നു ഞാനോടിയത്... ചിറക്കുളത്തിന്റെ ആഴത്തിലേക്ക് അവൻ മുങ്ങിത്താഴുമ്പോൾ ഞാനുച്ചത്തിലൊന്നു നിലവിളിച്ചതുപോലുമില്ല. പകരം ഓടി. കാലുകൾ ചലിക്കുന്നുണ്ടായിരുന്നില്ല. ഇടക്കേതോ റബർമരത്തിന്റെ വേരിൽ തട്ടി വീണിട്ടും ആഞ്ഞെണീറ്റോടി. അതിനും മുമ്പ് അവനിട്ടിരുന്ന ഷർട്ട് കൈയിലെടുത്തതെന്തിനായിരുന്നു. അതാരും കാണാതെ പൊട്ടിത്തകർന്നു കിടക്കുന്ന വഴിയോരത്തെ വീട്ടിനുള്ളിലേക്ക് എറിഞ്ഞതോ. അതും എന്തിനായിരുന്നെന്നറിയില്ല. അപ്പുവിന്റെ ഷർട്ട്... അത് അവന്റെ യൂനിഫോം ആയിരുന്നു. അവനതല്ലേയുള്ളൂ. സമ്മാനപ്പൊതികളോ ഓണക്കോടിയോ ഒന്നുമായി അവന്റെ വീട്ടിലേക്ക് വരാനാരുമില്ലല്ലോ.

അവിടെയും തീരുന്നില്ല, ആരോടും പറയാതെ വൈകുവോളം വഴിയിലും വയലിലും നടന്നതും മിണ്ടാതെ വീട്ടിൽ വന്ന് പനിയഭിനയിച്ചതുമെന്തിനായിരുന്നു. കഴിഞ്ഞ മണിക്കൂറുകളിൽ താൻ ചെയ്തുകൂട്ടിയ ഒന്നിനുമൊന്നിനും മനുവിന് ഉത്തരമില്ല.

താനൊന്നും ചെയ്തതല്ല.

പഠിച്ച് തീർന്നെന്ന ചിന്തയിൽ അവനെടുത്തുചാടിയതാണ്. നീന്തികരപറ്റുമെന്ന ഉറപ്പായിരുന്നു പിന്നാലെ നീന്തുമ്പോൾ തന്റെയുള്ളിലും. പോകപ്പോകെ ചിറക്കുളത്തിന്റെ നടുവിലെത്തിയത് ഇപ്പോഴും ഓർമയിലുണ്ട്. അപ്പോ തന്റെയും കൈകാലുകൾ കുഴയുന്നതു പോലെ തോന്നിയിരുന്നു. പാതിവഴിയിൽ പതറാതെ കരപറ്റിയപ്പോഴാണ് അപ്പുവിനെ കാണാനില്ലെന്നറിഞ്ഞത്. കുളത്തിനു ചുറ്റും ഉച്ചത്തിൽ വിളിച്ച് നടക്കുമ്പോൾ കരയിലെവിടെയെങ്കിലും ഒളിച്ചിരിക്കുന്ന അവൻ ചാടിവരുമെന്നായിരുന്നു ചിന്ത. അതുണ്ടാകില്ലെന്ന് ഉറപ്പിച്ചതോടെ പിന്നെയെന്താണ് കാട്ടിക്കൂട്ടിയതെന്ന് അറിയില്ല. കാലുകൾ തരിക്കുന്നു. ദേഹമാകെ പടരുന്ന വിങ്ങൽ ചുട്ടുപൊള്ളുന്ന പനിയായി മാറുകയാണ്.

ഉറക്കമുണ്ടാകില്ലെന്നുറപ്പിച്ചിട്ടും കണ്ണിറുക്കിയടച്ച് അവൻ കിടന്നു.

പിന്നെയും കണ്ണുതുറന്ന് ഇടംവലം നോക്കി... രണ്ടരവയസ്സുള്ള കുഞ്ഞനിയൻ ശാന്തമായി ഉറങ്ങുകയാണ്... അച്ഛൻ കിടക്കുന്ന കട്ടിലിന്റെ കാലിൽ കൈവെള്ളകൊണ്ട് മുറുക്കിപിടിച്ചു...

പെട്ടെന്ന് പുറത്താകെ ശബ്ദം. ആളും പേരും കൂടുന്നത് അവൻ ആ കിടപ്പിൽ മനസ്സിലാക്കി. അപ്പുവിന്റെ അമ്മ കടപൂട്ടിയെത്തിയപ്പോഴായിരിക്കണം വീട്ടിൽ അവനില്ലെന്നറിഞ്ഞത്...ശബ്ദം കേട്ട് അച്ഛനുമമ്മയും പുറത്തിറങ്ങി. അലമുറയിടുന്ന അപ്പുവിന്റെ അമ്മയുടെ ശബ്ദം മനുവിന്റെ ചെകിടിൽ തുളച്ചുകയറി. അകത്തുവന്ന് ഷർട്ടിട്ട് പുറത്തേക്ക് ഓടുന്ന അച്ഛന്റെ ചലനം അവനറിഞ്ഞു. പുറത്തെ ഒച്ചപ്പാടുകൾ നിലക്കുന്നില്ല... കുറെ നേരം കഴിഞ്ഞപ്പോൾ മുറ്റത്തുനിന്ന് കയറിയ അമ്മ മനുവിന്റെ അടുത്തുവന്നു, അവനെ ചേർത്തുപിടിച്ചുകിടന്നു. സമയം മുന്നോട്ട് നീങ്ങുകയാണ്. ഇപ്പോഴും പുറത്തെ ആളുകളുടെ അടക്കം പറച്ചിലുകൾ കേൾക്കാം.

പുറത്തെന്തൊക്കെയോ നടക്കുന്നു... ഓട്ടം. ഓട്ടോറിക്ഷയും മറ്റെന്തൊക്കെയോ വണ്ടികളും വരുന്നുണ്ട്... ആകെ ശബ്ദമയം. അമ്മയോടിഴുകി ചേർന്ന് ഇടക്കെപ്പോഴോ മയക്കത്തിലേക്ക് അവൻ വഴുതിവീണു... അപ്പോഴാണ് ഓടിവന്ന് അപ്പു എണീപ്പിക്കുന്നത്. "എണീക്കെഡാ.. ഞാൻ കരയിലുണ്ടായിരുന്നു.. നീയെന്തിനാ ഓടിയത്" അവനെക്കണ്ട് ഉള്ളുനിറഞ്ഞ സന്തോഷം പെട്ടെന്നാണ് അസ്തമിച്ചത്. മനു ഞെട്ടി ഉണർന്നു. സ്വപ്നം യാഥാർഥ്യമായിരുന്നെങ്കിലെന്ന് ചിന്തിക്കുന്ന നേരവും പുറത്ത് ആരൊക്കെയോ സംസാരിക്കുന്നത് അവൻ കേട്ടു.

നേരം പുലർന്നിരിക്കുന്നു. നാടാകെ ഞെട്ടിച്ചുകൊണ്ട് ആ വാർത്ത പരന്നിരിക്കുന്നു... നെഞ്ചുതല്ലിയുള്ള അപ്പുവിന്റെ അമ്മയുടെ നിലവിളി... അപ്പു... അവൻ വിട്ടുപിരിയുകയാണ്. പുലർച്ചതന്നെ കുളിപ്പിച്ച് ഒരുക്കി മനുവുമായി അമ്മ അപ്പുവിനെക്കാണാനിറങ്ങുമ്പോൾ മുറ്റത്തേക്കൊരു വണ്ടി കടന്നുവരുന്നത് അവൻ കണ്ടു. അതിനു മുന്നിലെ ചുവന്ന നിറമുള്ള ബോർഡിൽ എഴുതിയത് അവൻ വായിച്ചു... ശിശു സംരക്ഷണ സമിതി... ●

കവിത

# പിരാന്തൻ

**എ.ജി. സുനിൽ കുമാർ**



ജീവിതത്തിന്റെ വരമ്പിൽ
തനിയേ ആയിപ്പോയ
ഒരാൾ
എതിരേ വരുന്നു...

തുണയില്ലാത്ത യാത്രയിൽ
ചിലപ്പോൾ അയാൾ
മറ്റൊരാളോടെന്ന പോലെ
തന്നോടുതന്നെ
സംസാരിക്കുന്നു,
കേട്ടുകേട്ട് ബധിരമായിപ്പോയ
സ്വന്തം ആത്മാവിനോട്
അൽപമൊന്നുച്ചത്തിൽ.

കൂട്ടംകൂടി
ഒച്ചവെക്കുന്ന നമ്മളോ?

### ആദ്യം

അയാളുടെ നെറ്റിയിലൊരു
ചെമ്പരത്തിപ്പൂ വെക്കുന്നു.
പിന്നെ,
പുതിയൊരു ഭൂഖണ്ഡം
കണ്ടെത്തിയ നാവികനെപ്പോലെ
നിലതെറ്റിയവന്റെ പിറകിൽ
ആർപ്പുവിളിക്കുന്നു.

കൈകൾ കൂട്ടിക്കെട്ടി
ഏതെങ്കിലും ഒരു മോഷണത്തിന്റെ
തൊണ്ടിമുതൽ തിരയുന്നു.

### ഇനി

നേരം കളയാനില്ല.

ഉയർന്നുതാഴുന്ന
ആയിരം കൈകൾ
ഒരു കാട്ടുഞാവൽപഴത്തിന്റെ
ചെമപ്പും
പിന്നെ,
കറുപ്പുമായി
അവനെ ഭൂമിയിൽ അടയാളപ്പെടു
ത്തുന്നു.

### ശുഭം

തോൽവികൊണ്ടുമാത്രം
ജയിക്കുന്ന
പോരാളികളായി
നമ്മൾ
കുന്നിറങ്ങുന്നു. ●

വായന

# മുസ്‍ലിം സ്ത്രീത്വം സർഗാത്മകമാകുമ്പോൾ

**പി.ടി. കുഞ്ഞാലി**



**ആച്ചുട്ടിത്താളം** (നോവൽ)
സീനത്ത് ചെറുകോട്
വചനം ബുക്സ്
പേജ്: 135, വില: 140

"യതീംഖാനയിലെ അടുക്കളവരാന്തയിൽ നിരനിരയായി നിർത്തിയ കഞ്ഞിപ്പാത്രത്തിൽ വറ്റും വെള്ളവും അലിഞ്ഞ് കട്ടിയായിക്കിടന്നു. ഒന്നെടുത്ത് ഡൈനിങ് ഹാളിലെത്തുമ്പോൾ മുകളിൽ മൂന്നു പുഴുക്കൾ. കൈ കഴുകുന്ന ടാപ്പ് തുറന്ന് വെള്ളമൊഴിച്ച് പാത്രം ചരിച്ചുപിടിച്ചു. കൊഴുത്ത വെള്ളത്തിൽനിന്ന് പുഴുക്കൾക്ക് ഇറങ്ങിപ്പോകാൻ പ്രയാസമുള്ളതുപോലെ. ഓക്കാനം വന്നത് അമർത്തി. പിറകിൽനിന്ന് അടി വീഴുകയാണ്. തിന്ന് മദം കുത്തി നടക്കാ. അന്നം കളയാ? അതിന്റെ വെല അറീലല്ലോ... എത്ര തവണയാണ് ചൂരൽ ഉയർന്നുതാഴ്ന്നത്!" സീനത്ത് ചെറുകോടിന്റ 'ആച്ചുട്ടിത്താള'മെന്ന നോവലിലെ ഒരാത്മഗതമാണിത്. ആയിരത്തി തൊള്ളായിരത്തി ഇരുപത്തി ഒന്നിൽ ഏറനാട്ടിലും വള്ളുവനാട്ടിലും കൊളോണിയൽ പട്ടാളം നായാട്ടിനിറങ്ങിയതു മുതൽ തൊള്ളായിരത്തി എഴുപതുകളോടെ അറേബ്യൻ പ്രവാസത്തിന്റെ പൊലിവുകൾ തേടി സഞ്ചാരികളാവുന്നതുവരെയുള്ള അത്യന്തം തീക്ഷ്ണവും വിഹ്വലവുമായ ഒരു മുസ്‍ലിം ജീവിതാവസ്ഥയുടെ സ്വാഭാവികമായ പരിഹാരമായിരുന്നു നമ്മുടെ യതീംഖാനകൾ. യതീംഖാനകൾ വികസിപ്പിച്ച സാമൂഹികവ്യവഹാരങ്ങൾ തീർച്ചയായും രൂക്ഷമായ വിശകലനങ്ങൾക്ക് വിധേയമായിട്ടുണ്ട്. ഇത്തരത്തിലുള്ള തിക്ത സാഹചര്യങ്ങളിലൂടെ ജീവിതത്തിന്റെ മഹാശൃംഗങ്ങളെ കീഴടക്കിയ നിരവധി പേർ സമൂഹത്തിലുണ്ട്. ഇല്ലായ്മയുടെ പങ്കപ്പാടുകൾ കൊടുങ്കാറ്റായി ഇരമ്പിയാർത്തപ്പോഴും ഒരു സ്വത്വസംഘം വിശ്വാസത്തിന്റെ ആറ്റുവഞ്ചിയിൽ പ്രതീക്ഷയുടെ കാറ്റുപായകൾ കെട്ടിയതാണ് ഈ യതീംഖാനകൾ. പക്ഷേ, നമ്മുടെ സർഗാത്മക രചനകളിൽ അത്യന്തം പ്രതിലോമപരമായാണ് യതീംഖാനകൾ ഉന്നയിക്കപ്പെടുന്നത്. അപ്പോഴും സ്വന്തത്തിന്റെ ഏത് വല്ലായ്മയിലും വീണുപോയവരെ ഒപ്പം കൂട്ടാനും അവരെയൊക്കെയും സമൂഹത്തിന്റെ കർതൃസ്ഥാനത്ത് അരുമയോടെ സ്ഥാപിക്കാനും തന്റെ വിശ്വാസത്താൽ മാത്രം പ്രഫുല്ലമാകുന്ന കരുണയാൽ ക്ഷമതയാവുന്ന മഹത്തായ ഒരു നിയോഗമായിരുന്നു അക്കാലത്ത് അനാഥശാലകൾ. ഇത്തരം നിർവഹണങ്ങളെ ധനാത്മകമായി സർഗാത്മകസാഹിത്യത്തിന്റെ ആശ്ലേഷത്തിലേക്ക് വാഴ്ത്തി നിർത്തിയ രചനകൾ മലയാളത്തിൽ ഇല്ലെന്നുതന്നെ പറയാം. അവിടെയാണ് ആച്ചുട്ടിത്താളം സ്ഥാപിക്കപ്പെടുന്നത്. ഇതിൽ കഥ പറയുന്നവർ തന്നെയാണ് കഥാപാത്രം. ഞാൻ എന്ന കഥാപാത്രമാണ് മുഖ്യം. എല്ലാ പരിമിതികൾക്കിടയിലും അനാഥശാലയാണ് ഇവരുടെ ജീവിതം സുഫലമാക്കുന്നത്. അവിടെ വെച്ചാണിവർ ജീവിതം തിരിച്ചുപിടിക്കുന്നത്. സ്നേഹവും സൗഭ്രാത്രം കരുണയും കരുതലും അനുഭവിക്കുന്നത്. എന്റെ ഇത്തിരി ചുറ്റുള്ള അന്ധകാരത്തെ പൊളിച്ച് വെളിച്ചത്തിന്റെ വജ്രബീജങ്ങൾ തന്നിലേക്കും അതിലൂടെ പരിവൃത്തത്തിലേക്കും എഴുത്തുകാരി പ്രസരമാക്കുന്നത് എത്ര ദീപ്തമായാണ്. ഇങ്ങനെ ആസകലം ഇരമ്പിനിൽക്കുന്ന ഈ ദീപ്തി തന്നെയാണ് ഈ നോവലിന്റെ ശേഷി. അനാഥശാലകളുടെ സാധ്യതകളെയാണ് ഇതിലൂടെ എഴുത്തുകാരി ഏറ്റെടുക്കുന്നത്.


ചുട്ടുപൊള്ളുന്ന നട്ടുച്ചകളിൽ ഉമ്മയുടെ നെല്ലുകുത്തിന്റെ താളം മുറുകും. അപ്പോൾ വിയർപ്പും തവിടും ഉമിയുംതീർത്ത ഒറ്റയടിപ്പാതകൾ ഉമ്മയുടെ മുഖത്തുനിന്ന് ഉടലിലേക്ക് ഊർന്നിറങ്ങും. സ്നേഹമെന്നത് ഉരുകിത്തീരലാണോ. അപ്പോഴൊക്കെ ഞാൻ ഉപ്പയെ ഓർക്കും. രണ്ടു വയസ്സിൽപതിഞ്ഞ ആ മുഖം എന്നോ മങ്ങിക്കഴിഞ്ഞിരിക്കുന്നു. അനാഥത്വം കേവല സഹതാപത്തിൽ മുഴുകിനിന്ന ഒരു കാലം എഴുത്തുകാരി ഇങ്ങനെയാണ് കണ്ടെടുക്കുന്നത്. ഈയൊരു തപ്ത ബാഷ്പ പെരുംകടലിലാണ് ഇവർ പ്രതീക്ഷയുടെ തുരുത്ത് പണിയുന്നത്. ഇതിനവർക്ക് കരുത്തുനൽകുന്നത് പ്രാചീനതയും അവഗണനയും തുടിച്ചുനിൽക്കുന്ന യതീംഖാനയും അവിടെയുള്ള സാധുമനുഷ്യരും. ഇതിലൊക്കെയുമുള്ള സ്ഥൂലപാരുഷ്യത്തിനപ്പുറം വഴിയുന്നൊരു ആർദ്രതയുടെ സൂക്ഷ്മപ്രതലമുണ്ട്. ഈ പ്രതലം വളരെ സർഗാത്മകമായി കണ്ടെടുക്കുകയാണ് ആച്ചൂട്ടിത്താളത്തിലെ നായിക.

പരമ്പരാഗത മലയാള രചനകളിലെ മുസ്‍ലിം സാന്നിധ്യത്തിന് ഒരു വാർപ്പ് മാതൃകയുണ്ട്. അതെന്നും വിപരീതമായ പെൺജീവിതത്തിന്റെ മാതൃകയാണ്. എൻ.പി യുടെ 'എണ്ണപ്പാട'ത്തെ കൗജുത്താത്തയും കൽമേയി താത്തയും ഉറൂബിന്റ ഉമ്മാച്ചുവും ഇതിന് ഉദാഹരണമാണ്. എന്നാൽ, ആച്ചൂട്ടിത്താളത്തിലെ സ്ത്രീകളൊക്കെയും അധ്വാനികളും പ്രസാദാത്മക ജീവിതം സ്വയം വരിച്ചവരുമാണ്. നോവലിലെ ഒരു ഭ്രാന്തിയാണ് ആച്ചൂട്ടി. ബോധാബോധങ്ങളുടെ നിമ്നോന്നതങ്ങളിൽ കയറിയിറങ്ങുമ്പോഴും അവർ പങ്കുവെക്കുന്നത് ദീപ്തമായ പ്രതീക്ഷകൾ തന്നെയാണ്. സ്നേഹം തിരസ്കരിക്കുമ്പോൾ ഏവരും ആച്ചൂട്ടിയാവും. നിന്റെ കല്യാണത്തിന് എനിക്കൊരു പുള്ളിത്തട്ടം മേടിച്ചുതന്നാൽ മതിയെന്ന അവരുടെ ആഗ്രഹം സൂചിതമാക്കുന്നത് സൗന്ദര്യപൂർണമായ ഒരു പ്രതീക്ഷാകാലത്തെയാണ്. ഈ നോവലിലെ സ്ത്രീസാന്നിധ്യങ്ങളൊന്നുമേ ആസക്തരല്ല. മലയാള നോവലിലെ മുസ്‍ലിം സ്ത്രീകൾ എപ്പോഴും കാമാസക്തരോ ദ്വയാർഥപ്രയോഗ വിദഗ്ധരോ ആയിരിക്കും. എന്നാൽ, ആച്ചൂട്ടിത്താളത്തിൽ സ്ത്രീശരീരത്തിന്റെയും പെൺകാമനകളുടെയും അമിത വർണനകളേയില്ല. ദ്വയാർഥപ്രയോഗങ്ങളില്ല. വിദ്യാഭ്യാസമോ സാംസ്കാരികോൽക്കർഷമോ ഇല്ലാതെ മുസ്‍ലിം സ്ത്രീ ശരീരം മാത്രമാണെന്ന പൊതുതീർപ്പിനെ പുസ്തകം റദ്ദാക്കുന്നു. ഖദീജ മുംതാസും ബി.എം. സുഹറയും ഉൾപ്പെടെ ഉള്ളവരുടെ രചനകളിൽ പുരുഷന്മാരധികവും സ്ത്രീയെ ഉടൽ സ്വരൂപത്തിൽ മാത്രം കാണുന്നവരാണ്. എന്നാൽ, ആച്ചൂട്ടിത്താളത്തിലെ പുരുഷസ്ഥാനികൾ സ്ത്രീയെ കാണുന്നത് എത്ര കുലീനവും ദീപ്തവുമാണെന്നതിന് നോവലിലെ റഹീം മാഷ് തന്നെ സാക്ഷ്യമാണ്. എല്ലാ വേദനകളും ഞാനേറ്റെടുത്തോളാമെന്ന അദ്ദേഹത്തിന്റെ ഒരു വാചകം ഈ നോവലിലെ ഏറ്റവും മുക്തമായൊരു പ്രണയാഭ്യർഥനയാണ്.

ഇക്കഥയാസകലം ഒരു പെൺകുട്ടിയുടെ ജീവിതമാണ്. അത്യന്തം തീവ്രമായ ഒരു കൊടുങ്കാറ്റിൽ ആടിയുലഞ്ഞ് പിഴുത് വീണിടത്തുനിന്നും ധീരമായി എഴുന്നേറ്റ് പ്രതീക്ഷയുടെ ചന്ദ്രമണ്ഡലത്തെയപ്പാടെ സ്വന്തപ്പെടുത്തിയ ഏകാകിയും അന്തർമുഖിയുമായ ഒരു മുസലിം പെൺകുട്ടി മലയാള നോവൽ പ്രതലത്തിൽ എവിടെയുമില്ല. അവർ സ്വന്തം കർതൃത്വത്തിലേക്ക് ഇച്ഛാബോധത്തോടെ കയറിനിൽക്കുന്നു. തന്നെ താൻതന്നെ നിർമിക്കുകയും സുരക്ഷിതമാക്കുകയുംചെയ്യുന്ന ദീപ്തമായ ഒരു സർഗാത്മക സന്ദർഭമാണീ രചന. മുസ്‍ലിം സ്ത്രീകൾക്ക് സംരക്ഷകരെ എന്തിനാണ് ഇറക്കുമതി ചെയ്യുന്നത് എന്ന ധീരമായ ഒരു ചോദ്യമാണ് മൗനമായി എന്നാൽ ധീരമായി ഈ പുസ്തകം ചോദിക്കുന്നത്. പരമ്പരാഗത മുസ്‍ലിം ഭാഷയും വേഷവും ഇടപഴക്കങ്ങളും എല്ലാം വിശദമായി ഇതിൽ അന്വയിച്ചിട്ടുണ്ട്. ബർമുഡയും ജീൻസുമൊക്കെ തെരഞ്ഞെടുപ്പിലെ സ്വാതന്ത്ര്യവും എന്നാൽ, പർദ ആണധിനിവേശത്തിന്റെ മലിനഭാവവുമായി വിപരീതപ്പെടുന്നത് സർഗാത്മകമായി നിരീക്ഷിക്കേണ്ടതാണെന്ന് പുസ്തകം പറയുന്നു.

ഒപ്പം മുസ്‍ലിം സാമൂഹിക നവോത്ഥാന വഴിയിലെ ജ്വലിക്കുന്ന സംഘാടന സംബോധനകളെയും നോവൽ ധീരമായി അഭിവാദ്യം ചെയ്യുന്നുണ്ട്. അനീതിക്കെതിരെ കുതറിത്തെറിക്കുന്ന സംഘയത്നത്തിൽ സ്വയം ലയിക്കാനും അതിന്റെതന്നെ ഭാഗമാകാനും നോവലിൽ നടക്കുന്ന ഉത്സാഹം തീർച്ചയായും പുസ്തകത്തെ സമകാലീനമാക്കുന്നു. 'സുഡാനി ഫ്രം നൈജീരിയ'യിലൂടെ സംവിധായകൻ സക്കരിയ സിനിമയിൽ എന്താണോ ആവിഷ്കരിച്ചത് അതാണ് മലയാള നോവൽ മണ്ഡലത്തിൽ ആച്ചൂട്ടിത്താളത്തിലൂടെ സീനത്ത് നിർവഹിച്ചത് ●

പുസ്തകം




**തേവിടിശ്ശിക്കിളിയും കള്ളനും പൊലീസും (കഥ)**
എം. മുകുന്ദൻ
പേജ്: 229, വില: 230.00
ഡി.സി ബുക്സ്

ജീവിതത്തിന്റെ തെളിവുകൾ അസാധാരണ വൈകാരികാംശങ്ങളോടെ അനാവരണം ചെയ്യുന്ന എഴുത്തുകാരന്റെ ശ്രദ്ധേയമായ കഥകൾ. രണ്ട് കഥാസമാഹാരങ്ങൾ ഒന്നിച്ച്.




**(53) (നോവൽ)**
സോണിയ റഫീഖ്
പേജ്: 238, വില: 240.00
ഡി.സി ബുക്സ്

അമ്പത്തിമൂന്നാം വയസ്സിൽ നിർബന്ധിത മരണം ജനങ്ങൾക്ക് വിധിക്കുന്നൊരു ഭരണകൂട സംവിധാനത്തിന് കീഴിൽ ജീവിക്കുന്ന മനുഷ്യസമൂഹത്തിന്റെ കഥ.




**ഒരു ചിത്രകഥയിലെ നായാട്ടുകാരും കഥാപാത്രങ്ങളും പങ്കെടുത്തവരും (കഥ)**
സന്തോഷ് ഏച്ചിക്കാനം
പേജ്: 183, വില: 180.00
ഡി.സി ബുക്സ്

പുതിയ കാലത്തോടുള്ള ദാർശനിക സംവാദത്തിലൂടെ ചരിത്രത്തെ അഗാധമായി സ്പർശിക്കുന്ന കഥകൾ. രണ്ട് കഥാസമാഹാരങ്ങൾ ഒന്നിച്ച്.




**പഞ്ചാരമാങ്ങ (ബാലസാഹിത്യം)**
ജാബിർ മലയിൽ
പേജ്: 71, വില: 75.00
ഐ.പി.എച്ച്

ഹാശിമോൻ എന്ന ബാലന്റെ ദിവസങ്ങളിലൂടെ നന്മകളുടെ പൂക്കൾ വിരിയിക്കുന്നു കഥാകാരൻ. ഇളംമനസ്സുകളിൽ നൈർമല്യത്തിന്റെ വെളിച്ചം പകരുന്നു. ചിത്രീകരണം: കമാൽ അകമ്പാടം.




**ഹിന്ദു സമൂഹം വഴിത്തിരിവിലേക്ക് (ചരിത്രം)**
സർദാർ കെ.എം. പണിക്കർ
പേജ്: 92, വില: 100.00
പൂർണ പബ്ലിക്കേഷൻസ്

ബ്രിട്ടീഷ് കാലഘട്ടത്തിലും സ്വാതന്ത്ര്യാനന്തരവുമുള്ള ഹിന്ദു സമൂഹത്തിന്റെ വളർച്ചയും തളർച്ചയും വിലയിരുത്തുന്നു. ഹിന്ദു സൊസൈറ്റി അറ്റ് ക്രോസ് റോഡ്സ് എന്ന കൃതിയുടെ പരിഭാഷ.



**കർണാടകസംഗീതം (പഠനം)**
എ.കെ. കർണൻ
പേജ്: 39, വില: 40.00
എച്ച് ആൻഡ് സി ബുക്സ്

കർണാടക സംഗീതത്തെക്കുറിച്ചുള്ള പരിശീലന പാഠങ്ങളും ലഘുകീർത്തനങ്ങളും അവതരിപ്പിക്കുന്നു. സാധാരണക്കാർക്കും സംഗീത വിദ്യാർഥികൾക്കും ഒരുപോലെ ഉപകാരപ്രദം.



**സത്യസന്ധമായ മോഷണങ്ങൾ (കവിത)**
കെ. രതീഷ്
പേജ്: 79, വില: 100.00
ഇൻസൈറ്റ് പബ്ലിക്ക

കാവ്യാസ്വാദനത്തിന്റെ പുതിയ വാതിലുകൾ തുറക്കുന്ന 100 ചെറുകവിതകളുടെ സമാഹാരം. ജീവിത ചുറ്റുപാടുകളിൽനിന്ന് കണ്ടെത്തിയ വാക്കുകൾ.



**ഒറ്റക്ക് താമസിക്കുന്ന പെണ്ണ് (നോവൽ)**
ഷാലൻ വള്ളുവശ്ശേരി
പേജ്: 47, വില: 80.00
സൺഷൈൻ ബുക്സ്

സന്തോഷങ്ങളിൽനിന്ന് നിലവിളിയിലേക്ക് വീണുചിതറുന്ന സങ്കടങ്ങളുടെ പെയ്ത്താണ് ഈ ലഘുനോവൽ. ഓരോ വാക്കിലും ജീവിതങ്ങൾ വന്നുനിറയുന്നു.

# ഒരു ക്ലബിനേക്കാളധികം



നിറഞ്ഞുകവിഞ്ഞ നൂകാംപ്

**ബാഴ്സലോണ ഫുട്ബാൾ ക്ലബിന്റെ ഹോം സ്റ്റേഡിയമായ സ്പെയിനിലെ നൂകാംപിൽ മെസ്സിയും സുവാരസും പിക്വെയുമെല്ലാം പന്തുതട്ടുന്നത് നേരിട്ടു കണ്ടതിന്റെ അനുഭവം വിവരിക്കുകയാണ് ലേഖകൻ. ഫുട്ബാൾ ക്ലബ് എന്നതിലുപരി കാറ്റലോണിയൻ ജനതയുടെ വികാരമായി ബാഴ്സ മാറുന്നത് എങ്ങനെയെന്ന് വിവരിക്കുന്നു**

യാത്ര

വി.എം. നവാസ്

‘ഒരു ക്ലബിനേക്കാളധികം’ -എഫ്.സി ബാഴ്സലോണയെ സംബന്ധിച്ചിടത്തോളം ഇത് വെറുമൊരു ആപ്തവാക്യമല്ല, യാഥാർഥ്യംതന്നെ. കറ്റാലൻ സംസ്കാരത്തിന്റെയും കറ്റാലനിസത്തിന്റെയും പ്രതീകമാണ് ഫുട്ബാൾ ക്ലബ് ബാഴ്സലോണ. സ്പാനിഷ് ലാലിഗയിൽ കഴിഞ്ഞ ഏപ്രിൽ ആറിന് നടന്ന എഫ്.സി ബാഴ്സലോണ-അത്ലറ്റികോ മഡ്രിഡ് പോരാട്ടം ബാഴ്സയുടെ തട്ടകമായ നൂകാംപിൽ നേരിട്ട് കാണാൻ അവസരം ലഭിച്ചപ്പോഴാണ് കളിമികവിനോടൊപ്പം ചരിത്രവും രാഷ്ട്രീയവുംകൂടി ഇവിടെ ഏറ്റുമുട്ടുന്നുവെന്ന് ബോധ്യപ്പെട്ടത്. ലയണൽ മെസ്സി, ലൂയി സുവാരസ്, ജെറാഡ് പികെ, ഫിലിപ്പെ കുടീഞ്ഞോ... മിനിസ്ക്രീനിൽ കണ്ടുപരിചയിച്ചവരെ, അവരുടെ കളിമികവ് നേരിട്ട് കാണാം, അനുഭവിക്കാം എന്നതായിരുന്നു നൂകാംപ് സന്ദർശിക്കാനുള്ള അവസരം ലഭിച്ചപ്പോഴുള്ള വികാരമെങ്കിൽ, ഒരു ജനതയുടെ ദേശീയതയിലധിഷ്ഠിതമായ ആവേശമാണ് മനസ്സിൽ പതിഞ്ഞത്.

## നൂകാംപിലേക്ക്

മെട്രോ ബ്ലൂ ലെയ്നിലുള്ള കോൾബ്ലാങ്കിൽ ഇറങ്ങിയാൽ നടക്കാവുന്ന ദൂരമേയുള്ളൂ നൂകാംപിലേക്ക്. താമസിക്കുന്ന ഹോട്ടലിൽനിന്നു കുറച്ചു നടന്നാൽ മെട്രോ റെഡ് ലെയ്നിലെ ഗ്ലോറിസ് സ്റ്റേഷനിൽ എത്തും. ഗ്ലോറിസിൽനിന്നു പത്താമത്തെ സ്റ്റേഷനായ പ്ലാക്ക ഡി സാൻസ്റ്റിൽ ഇറങ്ങിയാൽ ബ്ലൂ ലെയ്നിൽ മാറിക്കയറാം. രണ്ടാമത്തെ സ്റ്റേഷൻതന്നെ കോൾബ്ലാങ്ക്.

കോൾബ്ലാങ്കിൽ ഇറങ്ങി ഗൂഗ്ൾ മാപ്പ് പറഞ്ഞുതരുന്ന വഴികളിലൂടെ നടന്നു. ഏതാണ്ട് 10-15 മിനിറ്റ് നടന്നു. ഇടതുവശത്തായി ബാഴ്സയുടെ ജഴ്സികൾ, ഷാൾ, തൊപ്പി എന്നിവ വിൽക്കുന്ന ഷോപ്പിൽ കയറി ഒന്നുറപ്പുവരുത്തി, അതെ, കുറച്ചുകൂടി മുന്നോട്ടു നടന്നാൽ മതി. അപ്പോഴാണ് ശ്രദ്ധിച്ചത്, അവിടെ വിൽപന നടത്തുന്നവർ ഇന്ത്യക്കാർ. ഞാനും അവരുടെ രാജ്യക്കാരൻ എന്നറിഞ്ഞപ്പോൾ സ്പെഷൽ ഓഫർ! മെസ്സിയുടെ പേരുള്ള പത്താം നമ്പർ ജഴ്സിക്കു വെറും എൺപത് യൂറോ കൊടുത്താൽ മതിയെന്ന്! നൂകാംപിലെ വിൽപനശാലകളിൽ ഇതിന് 130 യൂറോ കൊടുക്കണമത്രേ. ആദ്യം സ്റ്റേഡിയം കാണട്ടെ, എന്നിട്ടു വരാം എന്നു പറഞ്ഞ് പുറത്തിറങ്ങി. കുറച്ചുകൂടി മുന്നോട്ടു പോയപ്പോൾ, പരശ്ശതം ഫുട്ബാൾപ്രേമികളുടെ സ്വപ്നകേന്ദ്രത്തിൽ കാലുകുത്തിയതിന്റെ നിർവൃതി. സ്വാഗതമോതുന്ന ബോർഡുകൾ, ചുറ്റുവട്ടത്തിൽ ഒന്ന് മുതൽ തുടങ്ങി ഇരുപത്തൊന്നിൽ അവസാനിക്കുന്ന പ്രവേശന കവാടങ്ങൾ. മുമ്പേ അറിയിച്ചതുപ്രകാരം 14ാം ഗേറ്റിലൂടെ കയറി ഫോട്ടോ ഐഡി കാണിച്ച് കോംപ്ലിമെന്ററി ടിക്കറ്റ് വാങ്ങിച്ചുവെച്ചു. സമയം ഏതാണ്ട് നാലു മണി. പക്ഷേ, എട്ടു മണിക്കേ സ്റ്റേഡിയത്തിനകത്തേക്ക് പ്രവേശനമുള്ളൂ. കളിദിവസങ്ങളിൽ തുറക്കാത്തതിനാൽ കളിക്ക് മുമ്പുള്ള സമയത്ത് ബാഴ്സിലോണയിലെ ഏറ്റവും ശ്രദ്ധേയമായ ക്യാമ്പ് നൗ മ്യൂസിയം സന്ദർശിക്കാനും കഴിയില്ല.

## കളിയൊരുക്കങ്ങൾ

മത്സരദിവസത്തിലെ ഒരുക്കങ്ങൾ തകൃതിയായി നടക്കുന്നു. വളൻറിയേഴ്സ്, താരങ്ങളുടെ കൈപിടിച്ച് കളത്തിലേക്ക് കൊണ്ടുവരാൻ നിയോഗിക്കപ്പെട്ട കുട്ടികൾ, സ്വന്തം ടീമിനെ പ്രോത്സാഹിപ്പിക്കാൻ നിയോഗിക്കപ്പെട്ട വാദ്യമേളക്കാർ. ഒഴിവുദിവസമായതിനാൽ വലിയ ജനക്കൂട്ടത്തെ പ്രതീക്ഷിക്കുന്നുണ്ട്. സെക്യൂരിറ്റി, പൊലീസ്, അഗ്നിശമന വിഭാഗം എന്നിവരടങ്ങുന്ന പഴുതടച്ച സുരക്ഷാ സജ്ജീകരണങ്ങൾ. പ്രധാന ഗേറ്റിൽ പൊലീസ് നായ്, ചെക്കപ്പ്, മാധ്യമപ്രവർത്തകരെയും മറ്റു വേണ്ടപ്പെട്ടവരെയും മാത്രമേ അകത്തേക്ക് കടത്തിവിടുന്നുള്ളൂ. ഈ വഴിയിലൂടെയായിരിക്കും തങ്ങളുടെ പ്രിയ താരങ്ങൾ സ്റ്റേഡിയത്തിലേക്ക് പ്രവേശിക്കുക എന്ന പ്രതീക്ഷയിൽ മുകളിലെ കൈവരി പിടിച്ച് വരിയായി കാത്തുനിൽക്കുന്ന വിവിധ രാജ്യക്കാരായ ആരാധകർ, ഏതാണ്ട് ഏഴു മണിയായിട്ടും ആരെയും കാണാതിരുന്നപ്പോൾ കാത്തുനിന്ന കൂട്ടങ്ങൾ പതുക്കപ്പെതുക്കെ ഇല്ലാതായി.

ടിക്കറ്റിൽ സീറ്റ് വിവരങ്ങൾ കൃത്യമായി നൽകിയിരിക്കുന്നു, അകത്തേക്ക് പ്രവേശിക്കേണ്ട കവാടത്തിന്റെ നമ്പർ, ഏതു വരിയിൽ എന്നിങ്ങനെ. 19ാം കവാടത്തിലൂടെ കടക്കാൻ പുറത്തിറങ്ങി കുറച്ച് വലയംവെക്കണം. അവിടെയും സുരക്ഷാക്രമീകരണങ്ങൾ. ദേഹമാസകലം പരിശോധിച്ച് കടത്തിവിട്ടു. സീറ്റ് നിരകൾ പുറത്ത് രേഖപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെ തൊണ്ണൂറായിരത്തോളം സീറ്റുകളിൽ റിസർവ് ചെയ്ത സീറ്റ് കണ്ടുപിടിക്കാൻ ഒട്ടും ബുദ്ധിമുട്ടേണ്ടിവന്നില്ല.

സ്റ്റേഡിയത്തിലെ കൂറ്റൻ സ്ക്രീനിലെ ഡിജിറ്റൽ ക്ലോക്കിൽ സമയം 8.10. എന്നിട്ടും നേരം ഇരുട്ടിയിട്ടില്ല. അത്യാവശ്യം നല്ല തണുപ്പും ചെറിയ കാറ്റും. ഗ്രൗണ്ടിലെ അവസാന മിനുക്കുപണികൾ തകൃതിയായി നടക്കുന്നു. വിവിധ ഭാഗങ്ങളിൽ ഘടിപ്പിച്ച വാട്ടർ സ്പ്രിങ്ളറുകളായിരിക്കാം, പുൽത്തകിടി നനച്ചുകൊണ്ടേ ഇരിക്കുന്നു. കളി തുടങ്ങുന്നതിനു മുമ്പുള്ള വാംഅപ് സെഷനുകൾക്കുവേണ്ടിയുള്ള സജ്ജീകരണങ്ങൾ. പക്ഷേ, സീറ്റുകൾ മിക്കവാറും കാലി, പുറത്തുകാണുന്ന ആരവങ്ങളും ആവേശങ്ങളും ഗ്രൗണ്ടിനകത്തും ഗാലറികളും ഉണ്ടാകില്ലേ? ബാഴ്സലോണിയൻ വാരാന്ത്യദിവസങ്ങൾ പൊതുവെ ആഘോഷത്തിമിർപ്പിന്റേതാണ്, പ്രത്യേകിച്ച് ശനിയാഴ്ച ദിവസങ്ങളിൽ. അന്ന് മെട്രോ സർവിസുകൾ 24 മണിക്കൂറും പ്രവർത്തിക്കും. ബാഴ്സലോണയിലെ പ്രശസ്തമായ ‘ലാ റാംബ്ലാസിലൂടെ’ നടന്നുപോകുമ്പോൾ ഇത് ശരിക്കും ബോധ്യപ്പെടും. പാതയുടെ ഇരുവശത്തും പ്രവർത്തിക്കുന്ന ഭോജനശാലകൾ, കഫേകൾ, വഴിവാണിജ്യക്കാർ, രാപ്പകൽ ഭേദമില്ലാതെ ഈ തിരക്കും കച്ചവടവുമൊക്കെ നീണ്ടുപോകും.

ഡിജിറ്റൽ ക്ലോക്കിൽ അക്കങ്ങൾ മാറുന്നതിനനുസരിച്ച് ജനങ്ങളുടെ പ്രവാഹവും ക്രമാതീതമായി വർധിച്ചുകൊണ്ടേയിരുന്നു. ഒരു കൈയിൽ മദ്യവും മറുകൈയിൽ ബാഴ്സയുടെ ചെറിയ പതാകയുമേന്തിയവർ, സ്വന്തം ടീമിനെ അകമഴിഞ്ഞ് പ്രോത്സാഹിപ്പിക്കാനുള്ള എല്ലാ തയാറെടുപ്പുകളോടുംകൂടി കുട്ടികളും വനിതകളുമടക്കമുള്ള ആരാധകർ അവരവരുടെ സീറ്റുകളിൽ ഇരിപ്പുറപ്പിക്കുന്തോറും ഒഴിഞ്ഞ സീറ്റുകളുടെ എണ്ണം എത്ര പെട്ടെന്നാണ് കുറഞ്ഞുകൊണ്ടിരിക്കുന്നത്.

## കളിയാരവം

കളി തുടങ്ങാൻ മിനിറ്റുകൾ മാത്രം, സ്റ്റേഡിയം നിറഞ്ഞുകവിഞ്ഞു. താരങ്ങളുടെ ജഴ്സി നമ്പറും പേരും വിളിക്കുമ്പോൾ കൈയടികൾ, ആർപ്പുവിളികൾ... ഗാലറികളിൽനിന്നു പ്രതീക്ഷിക്കുന്ന പ്രതികരണം ഉറപ്പിച്ചു തന്നെയാകാം നമ്പർ പത്തും മെസ്സിയുടെ പേരും ആ ആവേശത്തിൽതന്നെയാണ് അനൗൺസ് ചെയ്തത്, ഇതോടെ സ്റ്റേഡിയം ഇളകിമറിഞ്ഞു. ഗാലറികളെല്ലാം സുപ്രസിദ്ധമായ എഫ്.സി ബാഴ്സലോണ സ്തുതിഗീതങ്ങളാൽ മുഖരിതം, അതിന്റെ തുടക്കം ഇങ്ങനെ പരിഭാഷപ്പെടുത്താം:

*“സ്റ്റേഡിയം ഒരേ സ്വരത്തിൽ ആർത്തലക്കുന്നു*
*ഞങ്ങൾ നീലയുടെയും മെറൂണിന്റെയും*
*ആരാധകർ*
*തെക്കുനിന്നോ വടക്കു നിന്നോ*
*എവിടെനിന്നു വന്നുവെന്നതല്ല*
*ഇപ്പോൾ എല്ലാവരും സമ്മതിക്കുന്നു,*
*ഒരു പതാക നമ്മുടെ സാഹോദര്യത്തിന്റെ ആവേശം*
*എല്ലാവർക്കുമറിയാവുന്ന ഒരു പേരേ നമുക്കുള്ളൂ...*
*ബാഴ്സ, ബാഴ്സ, ബാഴ്സാ...”*

കളി മുറുകുന്തോറും കിഴക്കേ ഗോൾപോസ്റ്റിനു പിറകിൽ ഇരിപ്പുറപ്പിച്ച ‘ഗ്രാഡ ഡി അനിമേഷ്യൻ’ എന്നു പേരുള്ള പാട്ടുസംഘം വാദ്യമേളങ്ങളോടെ ഉറക്കെ പാടും, അതേറ്റുപിടിച്ച് മറ്റുള്ളവർ കൈയടിച്ച് കൂടെ പാടും. 28ാം മിനിറ്റിൽ എതിരാളികളുടെ മുൻനിരക്കാരൻ ഡീഗോ കോസ്റ്റ ചുവന്ന കാർഡ് കണ്ട് പുറത്തേക്കു പോകുമ്പോൾ അത് വലിയ ആഘോഷമാക്കുന്നില്ല. ഒന്നാം പകുതിയും രണ്ടാം പകുതിയുടെ മുക്കാൽ ഭാഗവും ഗോൾരഹിതമായപ്പോൾ പാട്ടും കൈയടികളും മെസ്സി സ്തുതിഗീതങ്ങളും ഒന്നുകൂടി ഉഷാറാക്കി. 85ാം മിനിറ്റിൽ ഈ സീസണിലെ ലാ ലിഗ കിരീടം ഏതാണ്ടുറപ്പുവരുത്തിയ സുവാരസിന്റെ ആദ്യ ഗോൾ. സ്റ്റേഡിയം ഇളകിമറിഞ്ഞു. അടുത്ത മിനിറ്റിൽ മെസ്സി രണ്ടാമത്തെ ഗോൾ നേടിയപ്പോഴാണ് പതിനായിരക്കണക്കിന് ആരാധകരുടെ മനസ്സിൽ ഈ താരത്തിനുള്ള സ്ഥാനം എത്രത്തോളമുണ്ടെന്ന് തിരിച്ചറിയുന്ന ആവേശപ്രകടനങ്ങൾക്ക് നൂകാംപ് സാക്ഷിയാകുന്നത്.

മത്സരാനന്തരം പരസ്പരം ആശംസകളും അഭിനന്ദനങ്ങളും കൈമാറി കളിക്കാർ ആരാധകരുടെ പ്രതീക്ഷകൾ സഫലീകരിച്ച് പിൻവാങ്ങുമ്പോൾ, ഒരേ സ്വരത്തിൽ ആവേശത്തോടെ മുഴക്കുന്ന ബാഴ്സാഗീതങ്ങളിലെ ആശയം അർഥവത്താകുന്നു...



മ്യൂസിയത്തിൽ പ്രദർശിപ്പിച്ച ബാഴ്സലോണ താരങ്ങളുടെ ജഴ്സി

*“കളിക്കാരും അനുയായികളും...*
*ഞങ്ങളൊന്നിച്ചാൽ ശക്തരാണ്...*
*നേടേണ്ടതെല്ലാം നേടി, കഴിഞ്ഞ വർഷങ്ങളിൽ*
*വീണ്ടും വീണ്ടും ഞങ്ങളത്*
*തെളിയിച്ചുകൊണ്ടേയിരിക്കുന്നു.*
*ഞങ്ങളെ തകർക്കാൻ കഴിയില്ല.”*

പോരിന്റെ എൽക്ലാസിക്കോ എൽക്ലാസിക്കോ അഥവാ, എഫ്.സി ബാഴ്സലോണ-റയൽ മഡ്രിഡ് പോരാട്ടം. ഫുട്ബാൾപ്രേമികൾക്ക് ഇത്ര ആവേശം പകരുന്ന മറ്റൊരു മത്സരമുണ്ടാവില്ല. കാറ്റലോണിയൻ-സ്പാനിഷ് ദേശീയത നിറച്ചുവെച്ച വൈരമാണ് എൽക്ലാസിക്കോയുടെ പ്രത്യേകത. സ്പെയിനിലെ സമ്പന്നമായ രണ്ടു നഗരങ്ങളാണ് മഡ്രിഡും ബാഴ്സലോണയും. 1899ൽ ബാഴ്സലോണയും 1902ൽ മഡ്രിഡും അവരുടെ ക്ലബുകൾക്ക് രൂപംനൽകുന്നു. ക്ലബ് ഫുട്ബാളിൽ ഇവർ തമ്മിലുള്ള വൈരത്തിനു രാഷ്ട്രീയമായ കുറെ മാനങ്ങൾകൂടിയുണ്ട്. കാറ്റലൻ ഭാഷയും സാംസ്കാരിക അഖണ്ഡതയും പേറുന്ന ഒരു മേഖലക്ക് കൂടുതൽ സ്വയംഭരണം അനുവദിക്കണമെന്ന വാദം സ്പെയിനിന്റെ രാഷ്ട്രീയ മേഖലയെ പിടിച്ചുകുലുക്കുന്ന വിഷയമാണ്. അതുകൊണ്ടുതന്നെ സ്പെയിൻ തലസ്ഥാനത്തുനിന്നുള്ള റയൽ മഡ്രിഡും കാറ്റലോണിയൻ പ്രവിശ്യയിൽനിന്നുള്ള ബാഴ്സലോണയും തമ്മിൽ മത്സരിക്കുമ്പോൾ ചരിത്രവും രാഷ്ട്രീയവും കളിയോടൊപ്പം ഏറ്റുമുട്ടും.

## ‘ഒരു ക്ലബിനേക്കാളധികം’

ബാഴ്സലോണയിലെ ഏറ്റവും ആകർഷകമായ കാഴ്ചകൾ നൂകാംപ് മ്യൂസിയത്തിൽതന്നെ. ശരിയാണ്, ഇത് വെറുമൊരു ക്ലബ് മാത്രമല്ല. എത്രയോ രാജ്യങ്ങളിൽനിന്നു വരുന്ന വിനോദസഞ്ചാരികളെയും തദ്ദേശികളെയും കാറ്റലോണിയയുടെ സാമൂഹികവും ദേശീയവും രാഷ്ട്രീയത്തിലുമധിഷ്ഠിതമായ ആത്മാവുമായി ചേർത്തുനിർത്തുന്നതിൽ വലിയ പങ്കുവഹിക്കുന്ന ഒരു കേന്ദ്രം. മെസ്സിയിലൂടെയും സുവാരസിലൂടെയും ലോകമെമ്പാടുമുള്ള ഫുട്ബാൾപ്രേമികളെയും അല്ലാത്തവരെയും ഈ ക്ലബിന്റെ ആരാധകരാക്കാൻ കഴിവുള്ള മാസ്മരികതകൾ ഈ മ്യൂസിയത്തിൽ ഒരുക്കിവെച്ചിരിക്കുന്നു. കളിയാവേശങ്ങൾ പുറംലോകത്തേക്ക് എത്തിക്കാൻ പ്രസ് ഗ്രാൻഡ് സ്റ്റാൻഡ് ഏറ്റവും ആധുനിക സജ്ജീകരണങ്ങളിൽതന്നെ ഒരുക്കിയിരിക്കുന്നു. 28 കമൻററി ബോക്സുകൾ, രണ്ട് ടി.വി സ്റ്റുഡിയോകൾ, 192 ഡെസ്കുകൾ. മാച്ച് ഹൈലൈറ്റുകളും റീപ്ലേകളും ഓഗ്മെൻറഡ് റിയാലിറ്റി സാങ്കേതികവിദ്യയിലൂടെ സ്ക്രീനുകളിൽ തെളിഞ്ഞുകാണാം. കളികളുടെയും കളിയാരവങ്ങളുടെയും ആവേശങ്ങൾ ടി.വി സ്ക്രീനുകളിൽ മാത്രം അനുഭവിച്ചറിഞ്ഞവർക്ക് ഈ മ്യൂസിയം സന്ദർശനം വഴി ലഭിക്കുന്ന അനുഭൂതി വിവർണനാതീതമായിരിക്കും. ●

നൂകാംപ് മ്യൂസിയം കാഴ്ചകൾ





Mehar HIJAB
THE MOST TRUSTED ABAYA BRAND
വിവാഹപൂർണ്ണതയ്ക്ക് വൈവിദ്ധ്യമാർന്ന വെഡ്ഡിങ്ങ് കളക്ഷൻ
വ്യത്യസ്തത ആഗ്രഹിക്കുന്നവർക്കായി മെഹർ ഹിജാബ് ഒരുക്കുന്നു ഒരു സ്പെഷ്യൽ വസ്ത്രവിസ്മയം. വിശേഷദിനങ്ങൾ, ഡെയിലി വെയർ എന്നിവയുടെ മോഡസ്റ്റ് വസ്ത്രശേഖരം. ഒപ്പം മെഹർ ഹിജാബ് നൽകുന്ന വിശ്വാസതയും.
For Enquiry 8640999955 *Conditions Apply
Opp. Intl. Stadium, COCHIN-0484 2533555, 8642999955
Clt. Road, PERINTHALMANNA-0493 3223377, 8646999955
Near. Grand Bazar, CALICUT-0495 2727778, 8647999955
Beach Road, CALICUT-0495 4060506, 8641999955
SHOP NOW • www.meharhijab.com